

# അഭിനന്ദൻ

**സോഹൻ റോയ്**

കവിതാ സമാഹാരം

Digital Version

# സമർപ്പണം

വർത്തമാന ഭാരതത്തിന്റെ ഉറച്ച ധീര യൗവനം
ലോകരാജ്യങ്ങൾക്ക് പരിചയപ്പെടുത്തി അവരുടെ
അഭിനന്ദനങ്ങൾ ഏറ്റു വാങ്ങിയ
അഭിനന്ദൻ വർധമാന് സമർപ്പിക്കുന്നു

## സോഹൻ റോയ്



1967 മാർച്ച് 28ന് കൊല്ലം ജില്ലയിലെ പുനലൂർ ഐക്കരക്കോണം ശ്രീ വിലാസത്തിൽ ജനിച്ചു. മാതാപിതാക്കൾ: അധ്യാപകരായിരുന്ന കൃഷ്ണശാസ്ത്രിയും കസ്തൂരി ബായിയും. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് നേവൽ ആർകിടെക്ചറിൽ ബിരുദം. പതിനാറോളം രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഏരീസ് ഗ്രൂപ്പിന്റെ സ്ഥാപകൻ. ചലച്ചിത്രസംവിധായകൻ, തിരക്കഥാകൃത്ത്, കവി, ഗാനരചയിതാവ്, സിനിമ നിർമാതാവ് എന്നീ മേഖലകളിലും സജീവമാണ്. DAM999 എന്ന സിനിമയുടെ സംവിധായകനും തിരക്കഥാകൃത്തും ആണ്. ഈ തിരക്കഥയ്ക്ക് ഓസ്കാർ ലൈബ്രറിയിൽ അംഗത്വം ലഭിച്ചു. ഫോബ്സ് മാസിക തയ്യാറാക്കിയ അറബ് മേഖലയിലെ ഏറ്റവും മികച്ച 50 ഇന്ത്യൻ വ്യവസായികളുടെ പട്ടികയിൽ അംഗത്വം നേടിയ മലയാളി. ഇൻറർനാഷണൽ അക്കാദമി ഓഫ് ടെലിവിഷൻ ആർട്സ് & സയൻസ് അംഗവും കൂടിയാണ്. ഏറ്റവും നീളം കൂടിയ ചുണ്ടൻ വള്ളം നിർമ്മിച്ചുകൊണ്ട് ഗിന്നസ് ബുക്കിൽ ഇടം നേടി. പ്രവാസി എക്സ്പ്രസിന്റെ 'മലയാളി രത്ന' (2017), നാഷണൽ അച്ചീവേഴ്സ് അവാർഡ് (2016), ഗാത്ജോഡ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് (2018), സരസ്വതി വിദ്യാലയത്തിന്റെ 2019 ലെ ഇൻസ്പയറിംഗ് ഐക്കൺ അവാർഡ് തുടങ്ങി നിരവധി അന്തർദ്ദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 2018ൽ സാമൂഹിക മാധ്യമങ്ങളിൽ തരംഗമായ നൂറ്റി ഇരുപത്തഞ്ച് കുറുങ്കവിതകളുടെ രചയിതാവ് (ഇവ പിന്നീട് 'അണുകാവ്യം' എന്ന പേരിൽ DC ബുക്സ് പ്രസിദ്ധീകരിച്ചു). പ്രമുഖ സാഹിത്യപുരസ്കാരമായ ലളിതാംബിക അന്തർജ്ജനം അവാർഡ് 2018ൽ ലഭിച്ചു.

ഭാര്യ: അഭിനി സോഹൻ റോയ്, ഇൻറീരിയർ ഡിസൈനറും ഏരീസ് ഇൻറർനാഷണൽ ഇൻറീരിയേഴ്സിന്റെ മാനേജിംഗ് ഡയറക്ടറുമാണ്. മക്കൾ: നിവേദ്യ സോഹൻ, നിർമ്മാല്യ സോഹൻ.

www.sohanroy.com

# ആമുഖം

ബിസിനസിനു കവിതയുമായി എത്രനാൾ ഒരുമിച്ചു കഴിയാൻ സാധിക്കുമെന്നായിരുന്നു കഴിഞ്ഞവർഷം ആദ്യം സോഷ്യൽ മീഡിയയിൽ കവിതകൾ എഴുതിത്തുടങ്ങിയപ്പോൾ, എന്നോട് സുഹൃത്തുക്കളുടെ ചോദ്യം. എനിക്ക് വ്യക്തമായ ഒരുത്തരം അന്നും ഇന്നും കൊടുക്കാൻ സാധിക്കാത്തതിന് കാരണം, 'കവിതാരചന', ബിസിനസ് പോലെ മുൻകൂട്ടി പ്ലാൻ ചെയ്തു നടപ്പാക്കേണ്ട ഒന്നല്ലെന്നുള്ള തിരിച്ചറിവാവാം. കുറച്ചു കൂടി വിശദമാക്കിയാൽ, കഴിഞ്ഞ വർഷം ആയുർവ്വേദ ചികിത്സയ്ക്കായി കേരളത്തിലെത്തി വിശ്രമിക്കുമ്പോഴാണ് കണ്ണൂരിൽ ഒരു രാഷ്ട്രീയ കൊലപാതകമുണ്ടാകുന്നതും ഹർത്താൽ പ്രഖ്യാപിക്കപ്പെടുന്നതും. ഒരു ഹർത്താൽ വിരോധിയാണെങ്കിലും സംഭവത്തിന്റെ പിന്നാമ്പുറ കഥകൾ കേട്ടപ്പോൾ മനസ്സാകെ ഉലഞ്ഞു. പച്ച മനുഷ്യജീവനുകളെ ആടിനെപ്പോലെ കണ്ണൂർ രാഷ്ട്രീയം അറുത്തിടുന്നതു കണ്ട് ചോരവാർന്ന മനസ്സ്, കയ്യിലിരുന്ന മൊബൈലിൽ കുത്തിക്കുറിച്ച വരികൾ ആണ് പിന്നീട് 'കുരുതി മോക്ഷം' എന്ന പേരിൽ സോഷ്യൽ മീഡിയയിൽ പബ്ലിഷ് ചെയ്തത്. ഈ കവിതയ്ക്ക് മികച്ച പ്രതികരണങ്ങൾ ലഭിച്ചതിനെത്തുടർന്ന്, 'ഐക്കരക്കോണത്തെ ഭിഷഗ്വരന്മാർ' എന്ന സിനിമയിലെ ഒരു സുപ്രധാന രംഗത്തിൽ ഈ വരികളൊന്നാകെ ഉൾപ്പെടുത്തുകയുണ്ടായി.

പിന്നീട്, ബിസിനസ് തിരക്കുകളിൽ നിന്ന് മാറി, കുടുംബത്തോടൊപ്പം അവധിയാഘോഷിക്കുന്ന ദിവസങ്ങളിലൊന്നിൽ, 'സ്വന്തം സഹോദരന്റെ കൊലപാതകത്തെ കുറിച്ച് CBI അന്വേഷണം ആവശ്യപ്പെട്ട്' ഒരു വർഷത്തിലധികമായി, ഒറ്റയ്ക്ക് സെക്രട്ടറിയേറ്റ് പടിക്കൽ ധർണ ഇരിക്കുന്ന ശ്രീജിത്ത് എന്ന യുവാവിനെ കുറിച്ച് കേൾക്കുകയുണ്ടായി. 'നീതി' നൽകേണ്ട 'നീതിപാലകരിൽ' നിന്ന് തന്നെ ഉണ്ടായ കൊലപാതകം എന്ന് പരക്കെ ആരോപണം ഉയരുന്ന പശ്ചാത്തലത്തിൽ, ഒരിക്കൽ ഞങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരൻ കൂടിയായിരുന്ന, ആരോരുമില്ലാത്ത ആ ദരിദ്ര യുവാവിന്റെ അപ്പോഴത്തെ അവസ്ഥ മനസ്സിനെ പിടിച്ചുലച്ചു. കുടുംബവുമൊത്ത് നമ്മൾ അവധിയാഘോഷിക്കുമ്പോൾ,

ഒരു ചെറുപ്പക്കാരൻ ജീവിതത്തിൽ നിന്ന് അവധിയെടുത്ത് വെയിലും മഴയും കൊണ്ട് നീതിക്ക് വേണ്ടി പോരാടുന്ന കാഴ്ച്ച ഉറക്കം പോലും തടസ്സപ്പെടുത്തിയപ്പോഴാണ്, മനസ്സിന്റെ വേദന വീണ്ടും ഒരു കടലാസിലേക്ക് പകർത്തി വയ്ക്കണമെന്ന് തോന്നിയത്. 'ശ്രീ തപസ്യ വിപ്ലവം' എന്ന പേരിൽ അന്നെഴുതിയ വരികൾ സോഷ്യൽ മീഡിയയിൽ പങ്കുവച്ചു. സോഷ്യൽ മീഡിയ ഒന്നാകെ പിന്നീട് ഈ വിഷയം ഏറ്റെടുക്കുകയും, അവസാനം അധികാരികൾ CBI അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തു. കേരളത്തിൽ, സോഷ്യൽ മീഡിയയുടെ ശക്തിക്കു മുന്നിൽ ആദ്യമായി ഭരണവർഗ്ഗം മുട്ടുകുത്തിയ സംഭവവും ഒരുപക്ഷെ ഇതായിരിക്കും. അന്നാണ്, നമ്മുടെ ചുറ്റുപാടും നടക്കുന്ന സാമൂഹ്യ സാംസ്കാരിക മാലിന്യങ്ങളെ പ്രതികരണശേഷിയുടെ ചരടിൽ കോർത്ത് പൊതുസമൂഹത്തിന്റെയും ഭരണാധികാരികളുടെയും ശ്രദ്ധയിൽപെടുത്തുക എന്ന ഉദ്ദേശത്തോടെ എന്നെക്കൊണ്ടാവും വിധം സോഷ്യൽമീഡിയയിലൂടെ പ്രചരിപ്പിക്കാൻ തീരുമാനമെടുത്തത്. ശ്രീജിത്തിന് സോഷ്യൽ മീഡിയ വഴി കിട്ടിയ നീതിയെക്കുറിച്ച് 'ജനഗർജ്ജനം' എന്ന കവിതയിലൂടെ ഒരു ചെറിയ ഓർമ്മപ്പെടുത്തലും തുടർന്ന് നടത്തുകയുണ്ടായി.

നമ്മുടെയൊക്കെ മനസാക്ഷിയെ സമാനതകളില്ലാതെ കീറി മുറിച്ച ഒട്ടനവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വർഷം കൂടിയായിരുന്നു 2018. ഒരു മുറിവുണങ്ങുന്നതിനു മുൻപ് തന്നെ വീണ്ടും കാണേണ്ടി വരുന്ന അടുത്ത പൈശാചിക കൃത്യം, മനസ്സിനെ സ്ഥിരമായി പൊള്ളിച്ചുകൊണ്ടിരുന്നു. സോഷ്യൽ മീഡിയയിൽ മനസ്സിലെ നൊമ്പരങ്ങൾ പകർത്തിയെഴുതുമ്പോഴും, അതുമായി താദാത്മ്യം പ്രാപിച്ചു നിരവധി ആളുകൾ പ്രതികരിക്കുമ്പോഴും, പ്രതികരണ ശേഷി നഷ്ടപ്പെട്ട എഴുത്തുകാർക്കിടയിൽ തീർത്തും നിസ്സഹായൻ ആയി പ്രതികരിക്കാതെയിരിക്കുന്ന ഒരാളായി മാറിപോയില്ലല്ലോ എന്ന തോന്നൽ തന്നെയാണ് തുടരെഴുത്തുകൾക്കുള്ള ഊർജ്ജം പകർന്നത്.

വിശപ്പടക്കാൻ അല്പം അരി മോഷ്ടിച്ചതിന് നാട്ടുകാർ തല്ലിക്കൊന്ന മധുവിന്റെ ഓർമ്മകളെ പ്രണമിച്ചെഴുതിയ 'യാത്രാമൊഴി', എട്ടാം വയസ്സിൽത്തന്നെ ഈ ലോകം ക്രൂരതയുടെ കുരിശിൽ എട്ടു ദിവസം കിടത്തി ഇഞ്ചിഞ്ചായി വധിച്ച ആസിഫ എന്ന കുരുന്നിന്റെ ഓർമ്മകൾ നെഞ്ചോട് ചേർത്തുവച്ചെഴുതിയ 'ആസിഫയുടെ സ്വർഗ്ഗം', തിരുവനന്തപുരത്ത് സാമൂഹ്യവിരുദ്ധരാൽ കൊല്ലപ്പെട്ട 'ലിഗ' എന്ന വിദേശ വനിതയെക്കുറിച്ചും, അവരെ കാണാതായപ്പോൾ പോലീസിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ അവരുടെ ഭർത്താവ് സഹിച്ച കഷ്ടപ്പാടുകളെക്കുറിച്ചും അടയാളപ്പെടുത്തിയിട്ട 'ലിഗ' എന്ന കവിത, കെവിൻ എന്ന ചെറുപ്പക്കാരനെ ചില പോലീസ് ഉദ്യോഗസ്ഥരുടെ അറിവോടെ അവന്റെ കാമുകിയുടെ ബന്ധുക്കൾ തട്ടിക്കൊണ്ടുപോയി വധിച്ച സംഭവം ആസ്പദമാക്കിയ 'പ്രണയബലി', വ്യവസായം തുടങ്ങാൻ നാട്ടിൽ വന്നിട്ട്, സംരംഭം തുടങ്ങുന്നതിനു മുൻപ് തന്നെ സ്വപ്നങ്ങളെ ചുവന്ന കൊടി കൊണ്ട് കുത്തിക്കൊല്ലുന്നത് കാണേണ്ടിവന്നതിന്റെ സങ്കടത്തിൽ ആത്മഹത്യ ചെയ്ത ഒരു പ്രവാസിയെക്കുറിച്ചെഴുതിയ 'നിക്ഷേപകന്റെ അന്ത്യം', ഒരു നൂറ്റാണ്ടിലെ മുഴുവൻ ദുരിതവും ഒരുമിച്ചു സമ്മാനിച്ച പ്രളയദുരന്താനുഭവങ്ങൾ

കുറിച്ച 'പ്രളയം' എന്ന കവിത, എന്നിങ്ങനെ സമാനതകളില്ലാതെ കഴിഞ്ഞ വർഷം നമ്മൾ അനുഭവിച്ച ദുരന്തചിത്രങ്ങൾ ആണ് എന്റെ ഹൃദയത്തിൽ നിന്ന് സോഷ്യൽ മീഡിയയിലേയ്ക്ക് അക്ഷരങ്ങളുടെ വേഷമിട്ട് ഇറങ്ങിച്ചെന്നത്.

നമ്മുടെ നാട് ചില ഘട്ടങ്ങളിൽ നേരിടേണ്ടി വന്നിട്ടുള്ള ഗുരുതര വെല്ലുവിളികളും വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് കവിതയായി മാറിപ്പോയിട്ടുണ്ട്. കേരളം പകുത്ത്, മലബാർ മേഖല മുഴുവൻ മറ്റൊരു സംസ്ഥാനം ആക്കണം എന്ന വാദം ഉയർന്നപ്പോൾ, 'വിഘടനവാദികൾ' എന്നപേരിൽ എഴുതിയ കവിതയാണ് അതിൽ പ്രസക്തമായത്. അതുപോലെ 'കർഷകരുടെ ആത്മഹത്യ' വിഷയമാക്കിയ 'കർഷക മൃത്യു' എന്ന കവിതയും കാലികപ്രസക്തമായി തോന്നിയിട്ടുണ്ട് .

ഇതിനൊക്കെ ഒപ്പം തന്നെ, നമ്മുടെ നാടിന്റെ ചരിത്രത്തിലെ ചില വരികൾ നന്മയും ധീരതയും ഇച്ഛാശക്തിയും അരച്ചു ചേർത്ത മഷിയിൽ മുക്കിയ സ്വന്തം ജീവിതത്തൂലിക കൊണ്ട് തിരുത്തിയെഴുതിയ നിരവധി വ്യക്തികളും നമുക്ക് ചുറ്റും ഉണ്ട്. ദാരിദ്ര്യത്തിന്റെ ചെളിക്കുണ്ടിൽ നിന്ന് സ്വപ്രയത്നം കൊണ്ട് വിജയത്താമരകൾ വിരിയിച്ചെടുത്ത 'ഹനാൻ' എന്ന പെൺകുട്ടി, ദാരിദ്ര്യം ഭക്ഷിച്ചുറങ്ങാൻ വിധിക്കപ്പെട്ടിരുന്ന തെരുവോരങ്ങളെ നന്മമരത്തണലിൽ ഊട്ടിയുറക്കുന്ന 'അശ്വതി ജ്വാല', പ്രളയക്കടലിൽ, മനുഷ്യസ്നേഹത്തിന്റെ പങ്കായമെറിഞ്ഞ് കുതിച്ചുവന്ന് അനേകായിരങ്ങളുടെ ജീവൻ അവർക്ക് തന്നെ തിരിച്ചു നൽകിയ 'ദൈവദൂതരായ' മത്സ്യത്തൊഴിലാളികൾ, എന്തിനും മടിക്കാത്ത ക്രൂരന്മാരായ തീവ്രവാദി സൈന്യത്തിന്റെ പിടിയിലായിയെന്നറിഞ്ഞിട്ടും രഹസ്യരേഖകൾ നശിപ്പിച്ച് ജീവനേക്കാൾ വലുതാണ് സ്വരാജ്യമെന്ന് ധീരതയോടെ കാണിച്ചു കൊടുത്ത 'അഭിനന്ദൻ', അങ്ങനെ നമ്മുടെ നാടിന്റെ സാമൂഹ്യ മനസ്സിന്റെ ഊർജ്ജം തളരാതെ കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്ന വ്യക്തികളെയും ഈ സമാഹാരത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മറ്റുള്ളവർക്കായി സ്വയം എരിയുന്നവരെക്കുറിച്ച് ഒരു വരിയെങ്കിലും കുറിച്ചിടാത്ത കാലത്തോളം, ഏത് സാഹിത്യസൃഷ്ടിക്കും അതിന്റെ നവോത്ഥാന ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ കഴിയില്ലെന്നും വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നു.

കഴിഞ്ഞ വർഷം ഇതേ സമയം, 'അണുകാവ്യം' എന്ന പേരിൽ, എന്റെ നാലു വരിയുള്ള നൂറ്റി ഇരുപത്തഞ്ച് കുറുങ്കവിതകളുടെ സമാഹാരം, ഡിസി ബുക്സ് പ്രസിദ്ധീകരിച്ചിരുന്നു. 'നിത്യജീവിതം' എന്നത് ഫിനിഷിംഗ് പോയിന്റില്ലാത്ത ഒരു ഓട്ടമത്സരത്തിന്റെ ഭാഗം ആയിപ്പോയ ഇക്കാലത്ത്, നാലുവരിയിൽക്കൂടുതൽ ഭാരം താങ്ങി വായനക്കാരന്റെ മനസ്സിനൊപ്പം ഓടിയെത്തുക ബുദ്ധിമുട്ടാണെന്ന് 'കാവ്യ നർത്തകി'യും തിരിച്ചറിഞ്ഞിട്ടുണ്ടാവും എന്ന വിശ്വാസത്തിന്റെ പുറത്താണ്, സമകാലീന പ്രശ്നങ്ങളെ നാലുവരിയിൽ ഒതുക്കാൻ തീരുമാനിച്ചുകൊണ്ട് അണുകാവ്യരചന ഞാൻ ഇന്നും തുടർന്നു വരുന്നത്. പക്ഷെ ചില സംഭവങ്ങൾ ഏൽപ്പിക്കുന്ന ആഘാതങ്ങൾ, സമൂഹത്തിന്റെ ചലനശേഷിയെപ്പോലും കുറച്ചു നാൾ വരിഞ്ഞു മുറുക്കിയിടും. ആ സമയത്ത് മാത്രം എഴുത്താണികൾക്ക് വായനക്കാരന്റെ നടുക്കത്തിൽ നിന്നുണരാത്ത ഇടനെഞ്ചിലേയ്ക്ക് നടന്നുകയറി തന്റെ വികാരം പങ്കു വയ്ക്കാൻ സാധിക്കും. നാലുവരിയുടെയോ നാല്പത് വരിയുടെയോ

കണക്കിനപ്പുറം, എഴുതുന്നയാളുടെ വൈകാരിക അരണികൾ കൊണ്ട്, എത്രമേൽ കൃത്യമായി സമൂഹത്തിന്റെ പ്രതികരണശേഷിയിലേക്ക് അഗ്നി കടഞ്ഞെടുത്ത് പകരാൻ കഴിയുന്നു എന്ന കണക്കാവും അവിടെ പ്രസക്തമാവുക. അതുകൊണ്ട് തന്നെയാണ് എന്റെ അണുകാവ്യങ്ങൾക്കിടയിൽ നിന്ന് ചിലത് കാവ്യങ്ങളുടെ ഗരുഡരൂപം പൂണ്ട്, സാമൂഹ്യ മാധ്യമങ്ങളിലൂടെ എന്റെ മനസ്സും കൊക്കിലൊതുക്കി ചിറകടിച്ചു പറക്കാൻ തുനിയുന്നത്.

ഇന്ന്, കഴിഞ്ഞ ഒരു വർഷമായി എഴുതിക്കൊണ്ടിരുന്ന കവിതകളിൽ നിന്ന്, ഇരുപത്തിയഞ്ചെണ്ണം തിരഞ്ഞെടുത്ത് പുസ്തകം ആക്കാൻ എന്നെ പ്രോത്സാഹിപ്പിക്കുന്നതും നിർബ്ബന്ധിക്കുന്നതും ഗുരുസ്ഥാനീയൻ ആയ പ്രൊഫസ്സർ വിവേകാനന്ദൻ സാർ ആണ്. ബിസിനസ് തിരക്കുകൾക്കിടയിൽ എവിടെയോ കളഞ്ഞുപോയ സംസ്ഥാന സ്കൂൾ യുവജനോത്സവ കവിതാരചന വേദിയിലെ പ്രഥമ പുരസ്കാരം, മുപ്പത്തി ഏഴു വർഷത്തിനിപ്പുറം കണ്ടെത്തി എന്റെ കയ്യിൽ തിരികെ വച്ചു തന്ന അദ്ദേഹത്തിന്റെ പ്രചോദനങ്ങൾ മാത്രമാണ് കഴിഞ്ഞ ഒരു വർഷം ഞാൻ എഴുതിയ ഓരോ അക്ഷരങ്ങൾക്ക് പിന്നിലും.

സാമൂഹ്യമാധ്യമത്തിലൂടെ ഇത്തരത്തിൽ ഞാൻ പങ്കുവച്ചിട്ടുള്ള ഓരോ രചനയ്ക്കും ഒപ്പം, അവ കൈകാര്യം ചെയ്യുന്ന വിഷയത്തിന് അനുയോജ്യമായ ചിത്രങ്ങളും സംഗീതവും കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. കവിതകളുടെ വൈകാരികാംശം ചോർന്നുപോകാതെ, എല്ലാവിഭാഗം ജനങ്ങളിലേക്കും വിഷയത്തിന്റെ ഗൗരവം പങ്കുവയ്ക്കപ്പെടണം എന്ന് നിർബന്ധം ഉള്ളതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. ഓരോ രചനയ്ക്കും ഇത്തരത്തിൽ സംഗീതം നൽകി ആലപിച്ച ബിജു റാം, ചിത്ര രൂപത്തിലാക്കിയ അന്റണി, അഭിലാഷ്, വീഡിയോ സമന്വയം നടത്തിയ ജോൺസൺ, ബിജിൻ, മേൽനോട്ടം വഹിച്ച ഹരി എന്നിവരോടുള്ള നന്ദിയും പ്രകടിപ്പിക്കട്ടെ.

**സോഹൻ റോയ്**

## പതിരുകൾക്കിടയിലെ കതിരുകൾ

**ടി പി ശാസ്തമംഗലം**

കവിത വെറും അക്ഷരക്കൂട്ടമല്ല, അത് എഴുത്തുകാരന്റെ വികാരപ്രകടനമാണ്. ആ വികാരവായ്പ് വായനക്കാരന്റേതു കൂടിയാകുമ്പോഴാണ് കവിത തീർത്തും വിജയിച്ചു എന്നു പറയാനാകുന്നത്. കവിതകൾക്ക് തെല്ലും പഞ്ഞമില്ലാത്ത കാലമാണിത്. പക്ഷേ ദൗർഭാഗ്യമെന്നു പറയട്ടെ, പലതും 'കവിത' എന്ന പേരിൽ പടച്ചുവിടുന്ന പ്രഹസനങ്ങൾ മാത്രമാണ്. മുഖപുസ്തകത്തിൽ (Facebook) ആർക്കും കവിത എഴുതാമെന്നു വന്നതോടെ, ഏതാണ്ടൊരു പരസ്യത്തിൽ പറയുമ്പോലെ 'ടൺ കണക്കിന്' കവിതകളുടെ വരവായി.

രണ്ടോ നാലോ അതിലധികമോ വരികൾ കൂട്ടിയെഴുതിയാൽ കവിതയായി എന്നു ധരിച്ചുവച്ചിരിക്കുന്നവരാണ് മലയാളക്കരയിൽ ഇന്ന് ഏറിയപങ്കും. പത്രപംക്തികളും മുഖപുസ്തകവും മറ്റും അവരതിന് ഉപാധിയാക്കുന്നു. പേരെടുത്ത കവികളുടെ പോലും നല്ല സൃഷ്ടികൾ ഇപ്പോൾ പിറക്കുന്നില്ല എന്നതാണു നേര്. കാവ്യമേഖലയിൽ വ്യാപരിക്കാൻ ഇതുവരെ മടിച്ചുനിന്ന ചില എഴുത്തുകാരാകട്ടെ കാരണമെന്തെന്നറിയില്ല, ഇക്കാലത്ത് കവിനാമധാരികളായി അറിയപ്പെടാൻ താൽപര്യപ്പെട്ട് മുന്നോട്ടു വന്നിട്ടുണ്ട്. കഥയിലും നോവലിലും നിരൂപണത്തിലും മറ്റും വ്യക്തിമുദ്ര പതിപ്പിച്ചവർ കവിതാരചനയിൽ അമ്പേ പരാജയപ്പെടുന്ന കാഴ്ചയും നമുക്കു കാണേണ്ടിവരുന്നു. സ്വന്തം കവിത മഷിപുരണ്ടുവരാനായി മാത്രം മാസികകൾ ഇറക്കുന്ന ചില പത്രാധിപന്മാരും ഉണ്ട്. ഗദ്യകവിത എന്ന 'സൗകര്യം' കൂടി വന്നതോടെ കവിമോഹികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ഇപ്രകാരം കാവ്യരംഗത്ത് അനുദിനം കള്ളനാണയങ്ങൾ കുമിഞ്ഞുകൂടുമ്പോൾ, ഏതാണ് യഥാർത്ഥ നാണയങ്ങളെന്നറിയാതെ കുഴങ്ങുകയാണ് ആസ്വാദകർ.

കവിതയ്ക്കു വേണ്ടി തിരഞ്ഞെടുക്കുന്ന വിഷയത്തിന്റെ സ്വഭാവം, രചനാരീതി, ആശയ പേശലത എന്നിവയെല്ലാം ശരിയായ കവിതയെ കണ്ടെത്താൻ ഇന്ന് മാനദണ്ഡമായി ഉപയോഗപ്പെടുത്താവുന്നതാണ്. അങ്ങനെ നോക്കുമ്പോൾ പതിരുകൾക്കിടയിലെ കതിരുകൾ പോലെ സോഹൻറോയിയുടെ കവിതകൾക്ക് ഏറെ പ്രസക്തിയുണ്ടെന്നു കാണാം. ബിസിനസ്സിന്റെ തിരക്കുകൾക്കിടയ്ക്കും മനസ്സിന്റെ ശാദ്വല ഭൂവിൽ നിന്ന് കവിതയുടെ വിത്തുകൾ മുളപ്പിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിയുന്നു. ചിലരെഴുതും, ചിലരെഴുതിപ്പോകും എന്ന അന്തരം കാവ്യരംഗത്തെന്നുമുണ്ട്. രണ്ടാമതു പറഞ്ഞ വിഭാഗമാണ് സർഗ്ഗാനുഷ്ഠാനമായി പരിഗണിക്കേണ്ടത്. കവിതയുടെ ഈറ്റുനോവ് വേണ്ടുവോളമനുഭവിച്ച് പുറത്തു വരുന്ന സൃഷ്ടിക്കു മാത്രമേ നിലനില്പുണ്ടാവുകയുള്ളു. സമൂഹത്തിലെ കൊള്ളരുതായ്മകൾക്കു നേരേ ചാട്ടവാറിളക്കേണ്ടി വരുമ്പോൾ ഉള്ളിൽ ഊറിക്കൂടുന്ന വരികൾക്ക് ആർജ്ജവം കൂടും, അവ ശക്തിയുക്തമായിരിക്കുകയും ചെയ്യും. അത്തരം അവസരങ്ങളിൽ രൂപമെടുത്തതാണ് ഈ സമാഹാരത്തിലെ മിക്ക കവിതകളുമെന്ന് കവിതന്നെ ആമുഖത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപ്പപ്പോൾ മുഖ പുസ്തകത്തിലൂടെ പരിചയപ്പെട്ടതാണ് ഇവയിൽ പലതുമെന്നതിനാൽ കവിയുടെ വാക്കുകൾ നാം അവിശ്വസിക്കേണ്ട കാര്യമില്ല. ഒരേ വിഷയത്തെ ആസ്പദമാക്കി പലരുമെഴുതിയ കവിതകൾ ധാരാളമായി വായിച്ചിട്ടുള്ള ഒരാളെന്ന നിലയ്ക്ക്, സോഹൻ റോയി എന്ന കവിയുടെ പ്രതിബദ്ധതയും കാവ്യരചനാ പാടവവും എനിക്ക് നേരിട്ടറിയാവുന്നതുമാണ്. അവയുടെ പ്രകടമായ ഭാവം അദ്ദേഹത്തിന്റെ അണു കാവ്യത്തിൽ നാം വായിച്ചറിയുകയും കേട്ടറിയുകയും ചെയ്തതാണല്ലോ.

'അഭിനന്ദൻ' എന്നു പേരിട്ടിരിക്കുന്ന ഈ കാവ്യസമാഹാരത്തിൽ ആകെ ഇരുപത്തഞ്ചു കവിതകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വൈവിധ്യമാർന്ന വിഷയങ്ങൾ തന്മയത്വത്തോടെ കവി കൈകാര്യം ചെയ്തിരിക്കുന്നു. പോയവർഷം മലയാളികളുടെ (ഭാരതീയരുടെയും) ഉള്ളിൽ വിങ്ങലായി മാറിയതും ഇന്നും വിസ്മയമായി അവശേഷിക്കുന്നതുമായ സംഭവങ്ങൾ ഒന്നൊന്നായി കാവ്യരൂപം പ്രാപിച്ചിരിക്കുന്നത് ഈ കൃതിയിൽ നമുക്കു കാണാം. അവ എങ്ങനെയാണ് തന്റെ മനസ്സിൽ ഇടം പിടിച്ചതും പിന്നീട് കവിതയായി മാറിയതുമെന്ന് വ്യക്തമായിത്തന്നെ ആമുഖത്തിൽ കവി വിവരിക്കുന്നുണ്ട്: 'ചില സംഭവങ്ങൾ ഏല്പിക്കുന്ന ആഘാതങ്ങൾ, സമൂഹത്തിന്റെ ചലനശേഷിയെപ്പോലും കുറച്ചു നാൾ വരിഞ്ഞു മുറുക്കിയിടും. ആ സമയത്തു മാത്രം എഴുത്താണികൾക്ക് വായനക്കാരന്റെ നടുക്കത്തിൽ നിന്നുണരാത്ത ഇടനെഞ്ചിലേക്ക് നടന്നുകയറി തന്റെ വികാരം പങ്കു വയ്ക്കാൻ സാധിക്കും. നാലുവരിയുടെയോ നാല്പത് വരിയുടെയോ കണക്കിനപ്പുറം, എഴുതുന്നയാളുടെ വൈകാരിക അരണികൾ കൊണ്ട്, എത്രമേൽ കൃത്യമായി സമൂഹത്തിന്റെ പ്രതികരണശേഷിയിലേക്ക് അഗ്നി കടഞ്ഞെടുത്തു പകരാൻ കഴിയുന്നു എന്ന കണക്കാവും അവിടെ പ്രസക്തമാവുക. അതുകൊണ്ട് തന്നെയാണ് എന്റെ അണുകാവ്യങ്ങൾക്കിടയിൽനിന്ന് ചിലത് കാവ്യങ്ങളുടെ ഗരുഡരൂപം പൂണ്ട്, സാമൂഹ്യ മാധ്യമങ്ങളിലൂടെ എന്റെ മനസ്സും കൊക്കിലൊതുക്കി ചിറകടിച്ചു പറക്കാൻ തുനിയുന്നത്'.

ആദ്യം നാം വായിക്കുന്നത് ഭാരതത്തിലെ നൂറ്റിമുപ്പതിലേറെ കോടി ജനങ്ങൾ അഭിമാനത്തോടും ആദരവോടും കൂടി വരവേറ്റ അഭിനന്ദൻ എന്ന സൈനികന്റെ ധീരോദാത്ത പ്രവൃത്തിയെ ആസ്പദമാക്കി വിരചിച്ച 'അഭിവന്ദനം' എന്ന കവിതയാണ്.

“ഇന്നു നിന്റെ പേരു നാടിൻ ധീര ബിംബമായിടുന്നു
ഇന്നു നിന്റെ രൂപം ലോകശാന്തി ചിഹ്നമായിടുന്നു
ശത്രു മാധ്യമങ്ങൾ വാഴ്ത്തി ശാന്തിധാര തീർക്കവേ
ശത്രു പോലും നിന്നെ നോക്കി അത്ഭുതപ്പെടുന്നുവോ ?”

എന്നാണ് കവി വിസ്മയമാർന്ന മനസ്സോടെ ആരായുന്നത്. ഓരോ ഭാരതീയനും ചോദിക്കാൻ ആഗ്രഹിക്കുന്നതും ഇതേ ചോദ്യം തന്നെയല്ലേ ?

കേരളീയ സമൂഹ മന:സാക്ഷിക്കു നേരെ ചോദ്യ ചിഹ്നമായി മാറിയ ‘ഹനാൻ’ എന്ന പെൺകുട്ടിയുടെ ജീവിക്കാനുള്ള തത്രപ്പാട് കണ്ടറിഞ്ഞ് എഴുതിയ ‘ഹനാൻ’ ഒരു പൊള്ളലായി അനുഭവപ്പെടും അനുവാചകർക്ക്.

“കൗമാര വേദിയിൽ ആടിക്കളിക്കുന്ന
കൂട്ടുകാർക്കൊപ്പം കൂടേണ്ട വേളകൾ
കാതിലുറയ്ക്കാത്ത മർദ്ദവും പേറി നീ
കൂലിക്കു വണ്ടി വലിച്ചു കിതച്ചുവോ”

എന്ന വരികൾ ആ പെൺകുട്ടിയുടെ ചുറ്റുപാടുകളെല്ലാം വേണ്ടവിധത്തിൽ ഗ്രഹിച്ച കവിയുടേതാണെന്നു വ്യക്തം. പെൺകുട്ടികളുള്ള ആരുടെ ഉള്ളിലും ഈ കവിത നൊമ്പരത്തിന്റെ നെരുപ്പോടായി നീറി നില്ക്കും എന്നതിൽ സംശയമൊന്നുമില്ല.

‘ആസിഫ’ എന്ന കൊച്ചു കൂട്ടുകാരിയെ (മകളെ) ഓർത്ത് കേരളം അക്ഷരാർഥത്തിൽത്തന്നെ കണ്ണീർ വാർത്ത ദിനങ്ങൾ ഓർത്തെടുത്തുകൊണ്ട് എഴുതിയതാണ് ‘ആസിഫയുടെ സ്വർഗ്ഗം’ എന്ന കവിത.

“എട്ടാം വയസിലെ സ്വർഗ്ഗത്തിലെത്തിച്ച ഏട്ടരോടൊത്തിരി നന്ദി...
എട്ടുനാളെന്നോടൊപ്പമുറങ്ങിയ ഈശ്വരരൂപമേ നന്ദി
എട്ടുദിക്കും സാക്ഷിയായ കർമ്മത്തിനു രക്ഷ തീർക്കുന്നോർക്കു നന്ദി
എട്ടുവാരം നീണ്ട മൗനത്തിൽ നിന്നും ഗർജ്ജിച്ചുണർന്നോർക്കും നന്ദി.. “

എന്ന മട്ടിലുള്ള തുടക്കം തന്നെ എത്ര ഉജ്ജ്വലമാണെന്നു നോക്കുക. ഈ നന്ദി പ്രകാശനം ആസിഫ നേരിട്ട് നടത്തുന്നതോ കവിയുടെ വകയായോ വ്യാഖ്യാനിക്കാം. രണ്ടായാലും പരിഹാസത്തിന്റെയും പ്രതിഷേധത്തിന്റെയും അമ്പുകളാണ് ഓരോ ഈരടിയുമെന്നു പറയാം. അവ കൊള്ളേണ്ടിടത്തു തന്നെ ചെന്നു തറയ്ക്കുന്നു. അത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ താക്കീതായി കവിത മാറുന്നുമുണ്ട്.

കേരളത്തെ, പ്രളയമെന്ന മഹാവിപത്ത് ഒന്നാകെ വിഴുങ്ങാൻ ശ്രമിച്ചപ്പോൾ ആ കെടുതിയിൽപ്പെട്ട അനേകായിരം പേരെ സഹനശക്തിയുടെയും നന്മയുടെയും കൊച്ചോടങ്ങളിൽ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ ലോകത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റി. അവരെ പ്രകീർത്തിച്ചെഴുതിയ കാവ്യമാണ് ‘ദൈവദൂതർ’.

“അലറുന്ന കടലിൽ അന്നം തിരയുന്നോർ
അണവിട്ടണയും ജലത്തിൽ ഉലയുമോ ?
അതിരുകളില്ലാത്ത ആഴിതൻ മക്കളേ
അതിരില്ലാ സ്നേഹപ്രവാഹമായെത്തുള്ളു”

എന്ന വരികൾ അവർക്കുള്ള വലിയ അംഗീകാരമാണ്. മാത്രമല്ല, സമാന ദുരന്തമുണ്ടായാൽ സധൈര്യം ഓടിയെത്താൻ അവരേ കാണുകയുള്ളു എന്ന മുന്നറിയിപ്പുമാണ്.

ഇങ്ങനെ പറഞ്ഞു പോയാൽ ഈ കൃതിയിലെ ഏതാണ്ടെല്ലാ കവിതകളും പരാമർശിക്കേണ്ടതായിവരും. അത്രയ്ക്ക് ഉദാത്തവും ഹൃദയസ്പർശിയുമാണ് ഏതൊരു കവിതയും. സോഹൻ റോയിയിലെ കവിമനസ്സ് ഒരിക്കലും സമൂഹത്തിലെ തിന്മകൾക്കു നേരെ കണ്ണടയ്ക്കാറില്ലെന്ന് ഇതിലെ കവിതകൾ തെളിയിക്കുന്നു. ദുർഗ്രഹത കടന്നുവരാതെ കഴിയുന്നത്ര ലളിതമായിട്ടാണ് അദ്ദേഹം എല്ലാ കവിതയും വാർത്തെടുത്തിരിക്കുന്നത്. ചത്ത വരികൾ ഇക്കാലത്തെ കവിതയെ പിന്നോട്ടടിക്കുന്ന ഘടകമാണ്. എന്നാൽ സോഹൻ റോയിയുടെ വരികൾക്ക് നിത്യചൈതന്യമുണ്ട്. അവ വായനക്കാരന്റെ മനസ്സിൽ തന്ത്രി മുറുക്കി ശ്രുതിയുണർത്തിക്കൊണ്ടേയിരിക്കും.

ചങ്ങമ്പുഴയുടെ കവിതകൾക്കെന്നപോലെ സംഗീത ഗുണം അനുഗ്രഹിച്ചതാണ് സോഹൻ റോയിയുടെ കവിതകളും. അതുകൊണ്ടാണ് അവ അനായാസേന ചിട്ടപ്പെടുത്താനും ആലപിക്കാനും സാധിക്കുന്നത്. വരികൾ മുറിച്ചും, തീരെ പരിചിതമല്ലാത്ത നിരർത്ഥകപദങ്ങൾ വേണ്ടുവോളം വാരിവിതറിയും 'കവിത' എന്ന ഓമനപ്പേരിൽ എഴുന്നള്ളിക്കുന്ന കോപ്രായങ്ങൾക്കിടയിൽ ഈ കവിയുടെ കവിതകൾ വേറിട്ടുനില്ക്കുന്നു. അതുകൊണ്ടാണ് 'പതിരുകൾക്കിടയിലെ കതിരുകൾ' എന്ന് അവയെ ഞാൻ വിശേഷിപ്പിച്ചത്. ഈ കൃതിയിലെ കവിതകൾ വായിക്കുന്ന ആരും എന്നോട് പൂർണ്ണമായും യോജിക്കുമെന്നതിൽ എനിക്ക് അശേഷം സംശയമില്ല.

ടി പി ശാസ്തമംഗലം
വൈശാഖം
സൂര്യാ ഗാർഡൻസ്
ശാസ്തമംഗലം
തിരുവനന്തപുരം

## കവിതകൾ


1. അഭിവന്ദനം 13
2. കുരുതിമോക്ഷം 14
3. ശ്രീ തപസ്യ വിപ്ലവം 15
4. മീൻ വിപ്ലവം 16
5. നമ്മൾ 17
6. ജനഗർജ്ജനം 18
7. അന്ധസഞ്ചാരികൾ 19
8. ശാന്തി തീരം 20
9. നിക്ഷേപകന്റെ അന്ത്യം 21
10. യാത്രാമൊഴി 22
11. ലിഗ 23
12. ആസിഫയുടെ സ്വർഗ്ഗം 24
13. പ്രണയബലി 25
14. പ്രണയസാഫല്യം 26
15. വിഷുപ്പുലരി 27
16. വിഘടന വാദികൾ 28
17. അശ്വജ്വാല 29
18. ഹനാൻ 30
19. മാധ്യമ വിലാപം 31
20. പ്രളയക്കുറിപ്പുകൾ 32
21. പ്രളയം 33
22. ദൈവദൂതർ 34
23. ത്യാഗസീമ 35
24. മതമതിൽ 36
25. കർഷക മൃത്യു 37



# അഭിവന്ദനം

വറന്നടുത്ത ശത്രുവിൻ മാറുടച്ചു വീഴ്ത്തുവാൻ
പകച്ചു നിന്നതില്ല നീ കുതിച്ചുയർന്നു വീരനായ്
പിൻതുടർന്നു നീ തൊടുത്ത യന്ത്ര ബാണമേറ്റവൻ
പിൻതിരിഞ്ഞു ധൂമകേതു പോലകന്നു വീണുവോ ?

അതിർത്തി വിട്ടു വീണ നിന്റെ ജീവനായടുത്തവർ
അടിച്ചടിച്ചു നിന്റെ ചോര വാർക്കുവാൻ ശ്രമിച്ചവർ
നിന്റെ ധീരതയ്ക്കു മുന്നിൽ കാലറച്ചു നിൽക്കവേ
നീ വിഴുങ്ങി നാടിനെ കാത്തിടുന്ന രേഖകൾ

തുരത്തി വിട്ട ശത്രുവിൻ കരങ്ങളിൽ പെടുമ്പോഴും
തനിച്ചു പീഡനങ്ങളേറ്റു  രക്തമൂറിടുമ്പോഴും
തരിച്ചിടാതെ ധീരനായ് തലയുയർത്തി നിന്നു നീ
തിരിച്ചു വന്നണഞ്ഞിടാൻ കൊതിച്ചു നിന്നു ഭാരതം

അച്ചിലിട്ട മാർഗ്ഗദർശിയായ് കരുതി അച്ഛനെ
അച്ചടിച്ച മാർഗ്ഗരേഖയാക്കി ലക്ഷ്യമിട്ടു നീ
കച്ചകെട്ടി മൃത്യു തേടി തട്ടിലേറും വീരനായ്
പിച്ചവച്ച നാൾ മുതൽ മാറുവാൻ കൊതിച്ചുവോ ?

ജനിച്ച നാടിനായ് തൻ ജീവനെ മറന്നു നീ
ജനനി ജന്മഭൂമിയായ് നിനച്ച കർമ്മദാഹി നീ
ജന്മമേകി അമ്മ തന്ന വീര്യമുള്ള ചോരയാൽ
ജന്മദേശഭക്തിയാ സിരകളിൽ പടർന്നുവോ ?

അഭിമാനഹത്യയാൽ രാജ്യം തളരാതെ
അതിതന്ത്ര പാതയിൽ വാഗയിലെത്തിച്ച
അഭിനന്ദനെക്കണ്ടു രാജ്യം വണങ്ങുമ്പോൾ
അഭിനന്ദനത്തിന്റെ കോടി പൂച്ചെണ്ടുകൾ

വിസ്ഫോടനങ്ങളിൽ പൊട്ടിച്ചിതറാത്ത
വിധ്വംസകപ്പേടിയെന്തെന്നറിയാത്ത
വിത്തുകൾ പത്തായ് മുളയ്ക്കുന്ന നെഞ്ചാൽ
വെട്ടിനിരത്തണം ശത്രു സങ്കേതങ്ങൾ

ഇന്നു നിന്റെ പേരു നാടിൻ ധീര ബിംബമായിടുന്നു
ഇന്നു നിന്റെ രൂപം ലോകശാന്തി ചിഹ്നമായിടുന്നു
ശത്രു മാധ്യമങ്ങൾ  വാഴ്ത്തി ശാന്തി ധാര തീർക്കവേ
ശത്രു പോലും നിന്നെ നോക്കി അത്ഭുതപ്പെടുന്നുവോ ?

ശക്തമായ ഭാരതം തിരിച്ചടിക്കൊരുങ്ങവേ
ശക്തി ചോർന്നുലഞ്ഞ ശത്രു മിത്രഭാഷ ചൊല്ലവേ
ഭീരുവിന്റെ മൗനഗാഥ തീയിലിട്ടു തീർക്കണം
ഭീകരപ്രവർത്തനം വാളെടുത്തരിയണം

ശാന്തി പൂക്കും നാളു നാളെ വന്നണഞ്ഞീടുവാൻ
ശാന്തി മന്ത്രഭേരി കേട്ടു നാളെ നാടുണർന്നിടാൻ
ശാന്തി ഹിംസ വാദമിട്ടു നാടു തച്ചുടച്ചിടും
ശാന്തിധ്വംസ തീവ്രവാദം ചുട്ടെരിച്ചൊതുക്കണം

അതിർത്തി കാക്കുമെന്നുറച്ച ധീര രക്ഷാസേനയെ
അഹിംസ മാർഗ്ഗമാക്കുവാൻ കൊതിച്ച ഭാരതത്തിനെ
ഒളിച്ചിരുന്നടിച്ച നിത്യശത്രുവിന്റെ പാളയം
തകർത്തു ഭസ്മമാക്കിയ വീരരെ നമിച്ചിടാം

# കുരുതി മോക്ഷം



അരിഞ്ഞരിഞ്ഞു തീർക്കണം തിരിച്ചു വാങ്ങി തീരണം
അതിന്റെ പേരിൽ നാട്ടിലാകെ സ്തംഭനം വരുത്തണം
ചിതയെരിഞ്ഞൊടുങ്ങവേ പ്രതിഫലം കൊടുക്കുവാൻ
എതിരണിയിലൊരുത്തനെ കുരുതിയായി നൽകണം

വഴിയിലിട്ടോ വീട്ടിലിട്ടോ കുട്ടികൾ തൻ മുന്നിലിട്ടോ
കടുത്ത വെട്ടു വെട്ടി വെട്ടി ശവശരീരമാക്കണം
ആണൊഴിഞ്ഞ വീട്ടിലെ നീണ്ട രോദനം പകർത്തി
ചാനലായ ചാനലൊക്കെ ചർച്ച ചെയ്തിരിക്കണം

പിരിച്ചെടുത്തു നിന്റെ പേരിൽ മണ്ഡപം പണിയണം
പകുത്തെടുത്ത കാശു കൊണ്ടു, പാർട്ടി ഫണ്ടുയർത്തണം
ദത്തെടുത്ത നിന്റെ കുട്ടി പാർട്ടിയിൽ വളരണം
നാളെ രക്തസാക്ഷിയായി നിന്റരികിലെത്തണം

പ്രബുദ്ധ കേരളം ശപിച്ചിടുന്നീ നാടിനെ
ചേകവ ചരിത്രമുള്ള പക പുകയുമൂരിനെ
ശാപമോക്ഷം നേടുവാൻ, കുരുതി തന്നെ മാർഗ്ഗമെങ്കിൽ
ബലികൊടുപ്പിൻ ഇരകളായ് നേതൃനിരകളെ തിരയണം

അന്നു തീരും ഈ നശിച്ച രക്തസാക്ഷി നാടകം
പിന്നുയർന്നു കേട്ടിടും ശാന്തിമന്ത്ര വീചികൾ



# ശ്രീതപസ്യ വിപ്ലവം

ഇതാണുവിപ്ലവം ... ശ്രീതപസ്യ വിപ്ലവം
പൊരിവെയിലിലെരിയാതെ
പേമാരിയിൽ കുളിരാതെ
പൊടിയേറ്റു നിശ്വാസമിഴയാതെ
അനുതാപമേൽക്കാതെ
അതിശൈത്യമറിയാതെ
അതിജീവനത്തിരി നെഞ്ചിലണയാതെ
ചുഴലുന്ന കാറ്റിലുലയാതെ
ചൂഴുന്ന ദു:ഖചിതയിൽ കരിയാതെ
ചുടല ഭൂതങ്ങളെ കണ്ടു ഭയക്കാതെ
വഴികാട്ടിയില്ലാതെ  വഴിവിളക്കില്ലാതെ
വനമുള്ളു പാകിയ വഴിയിൽ തളരാതെ
പരിഭവമില്ലാതെ പാഥേയമില്ലാതെ
പരിചയഭാവങ്ങൾ കാണാൻ കൊതിക്കാതെയേകനായ്
ശ്രീ നയിച്ച മൗനവിപ്ലവം

അന്ധരായ് ഈ വഴി പോയവരാരുമറിഞ്ഞില്ല
അസ്ഥികൂടത്തിനുള്ളിലാളിപ്പടരാനൊളിപ്പിച്ചോരഗ്നി
സ്ഫുലിംഗമുണ്ടെന്നുള്ള സത്യം
ആളട്ടെയാളട്ടെ ആളിപ്പടരട്ടെ
ആർക്കും തടുക്കാൻ കഴിയാത്തൊരാജ്വാല
ഇതാണുവിപ്ലവം നാം കാത്തിരുന്ന വിപ്ലവം
ആഹ്വാനമില്ലാതെ ആരവമില്ലാതെ
ആത്മപീഡനത്താലൂതിപ്പഴുപ്പിച്ചു
ശ്രീ ജയിക്കും രക്തരഹിത വിപ്ലവം

# ഒരു മീൻ വിപ്ലവം

സ്ത്രീസമത്വഭേരി കേട്ടുണർന്നു
നോക്കിയമ്മയെ്
സഹനഭാവ ദു:ഖമൂറും
സാന്ത്വനശ്രീലക്ഷ്മിയെ
പേറ്റനോവെനിക്കു വേണ്ടി
നോറ്റിരുന്ന ദേവിയെ
പോറ്റിടാൻ പാലുതിർത്ത
പാതി ദൈവരൂപിയെ

ആർദ്രചുംബനങ്ങളാൽ
ഉണർത്തിടുന്ന പുഷ്പമേ
താരാട്ടുപാട്ടു പാടി
ഊയലാട്ടും തെന്നലേ
നിനക്കു തുല്യ നീമാത്രമെന്ന-
റിഞ്ഞിടുന്ന നാളിലേ
പുരുഷ പീഡനത്തിനായൊരുക്കും
മീൻ വിപ്ലവത്തിലപ്പു
നിർത്തിടു

# നമ്മൾ

കുഞ്ഞിനെ റാഞ്ചുമാ ഭിക്ഷാടകർക്കായി
അന്നം കൊടുക്കുവോർ നമ്മൾ
കീശയിൽ കയ്യിട്ടു രോഗം വിധിക്കുന്ന
ആസ്പത്രി തേടുവോർ നമ്മൾ
സ്പൂണിൽ വിളമ്പുന്ന വിദ്യ പഠിക്കുവാൻ
മാതൃഭാഷ മറക്കുന്നോർ നമ്മൾ

കാണം വിറ്റിട്ടെന്നുമോണ-
മൊരുക്കുന്ന പത്രാസി പാമരർ നമ്മൾ
രണ്ടുമുറികെട്ടാൻ ത്രാണിയില്ലെങ്കിലും
നാലുകെട്ടിൽ പാലുകാച്ചും നമ്മൾ
കൊള്ള പലിശക്കു മോഹങ്ങൾ തീർപ്പാക്കി
കയ്യിട്ടടിപ്പവർ നമ്മൾ

ചന്ദ്രനിൽ പോകുവാൻ തന്ത്രിയെ കാണുന്ന
ശാസ്ത്രപരിഷകൾ നമ്മൾ
നെഞ്ചിലിരിക്കുന്ന ദൈവത്തിനെ തേടി
തെണ്ടി നടക്കുന്നു നമ്മൾ
തത്വമസിക്കുള്ളിൽ അച്ഛനും മുക്രിയും
ഒന്നെന്നറിയാത്ത നമ്മൾ

വീടു ഭരിക്കാനറിയാത്ത പാഴിനെ വോട്ടിട്ടു
നാടു ഭരിപ്പിക്കും നമ്മൾ
വെള്ളാന കെട്ടിയ യാത്രാ വകുപ്പുകൾ
പൂട്ടാതെ നോക്കുന്ന നമ്മൾ
കുറ്റവാളിയെക്കാളും കുറ്റം നടത്തുന്ന
പോലീസിനെ പോറ്റും നമ്മൾ

നാടിന്റെ സമ്പത്ത് ചോർത്തി കളയുവാൻ
ഹർത്താലു നിർത്താത്ത നമ്മൾ
നോക്കുകൂലിക്കാരെ ഊട്ടി വളർത്തും
പാർട്ടിയെ സ്നേഹിക്കും നമ്മൾ
ലോണെടുത്താരോ പണിതൊരാ ഫാക്ടറി
പൂട്ടി രസിക്കുന്ന നമ്മൾ

മണ്ണിൽ പണിയാതെ പൊണ്ണത്തടി കൂട്ടാൻ
ബംഗാളിയെ തേടും നമ്മൾ
പാടം നികത്തീട്ടു ദേശം കടന്നെത്തും
പാഷാണച്ചോറുണ്ണും നമ്മൾ
രോഗം വരുത്താതെ നോക്കാത്തതാണ്
രോഗമെന്നോർക്കാത്ത നമ്മൾ

പീഡന വാർത്തകൾ തേടിയലയുന്ന
മാദ്ധ്യമ സ്നേഹികൾ നമ്മൾ
കൈക്കൂലിനൽകാതെ കാര്യം നടത്താത്ത
സാമൂഹ്യ സേവകർ നമ്മൾ
മാലിന്യ സമ്മാനം നാടിനു നൽകുന്ന
സംസ്കാര രക്ഷകർ നമ്മൾ

മേലേക്കു കേറുന്നോർ ആരെന്നു നോക്കാതെ
കാലിൽവലിക്കുന്നോർ നമ്മൾ
രണ്ടു കാലിൽ മൂത്ത മന്തുമായന്യനെ
മന്തനെന്നോതുന്നോർ നമ്മൾ
ട്രോളർമാർ ബന്ധുക്കളാകുന്ന ഗ്രൂപ്പിൽ
പൊങ്കാല തീർത്തവർ നമ്മൾ

സ്ത്രീയെ ധനമായി കാണാതിരിക്കുവാൻ
സ്ത്രീധനം നൽകുന്ന നമ്മൾ
മാതാപിതാക്കളെ കൈവിട്ടു കുട്ട്യോൾക്കു
മാതാപിതാവാകും നമ്മൾ
മാറുന്ന സംസ്കാരം നമ്മിലെ നന്മയെ
മാറ്റാതെ നോക്കണം നമ്മൾ



# ഇനി ഗർജ്ജനം



കൊട്ടാരക്കോട്ടയ്ക്കു മുൻപിൽ
'ജനദാസ'ന്റെ മൂക്കിന്റെ തുമ്പിൽ
ഒന്നല്ല രണ്ടല്ല നൂറോളമാഴ്ചകൾ
ദർശനം കാത്തവൻ നിന്നു

ഔദാര്യ ലഭ്യതയ്ക്കല്ല
സൗഭാഗ്യലബ്ധിക്കുമല്ല
'രക്ഷകർ' ജീവനെ തല്ലിക്കെടുത്തിയ
സോദരമോക്ഷത്തിനായി

വർഷവും ഗ്രീഷ്മവും വേനലും ഏറ്റേറ്റു
ജീർണ്ണിച്ചുണങ്ങിയവന്റെ ദേഹം
എന്നും നിൻ രഥം പോകുന്നതും നോക്കി
മൗനനിസംഗനായി നിന്നു

അന്തപ്പുരസുഖച്ചൂടറിയുന്ന മന്നനു
സിംഹാസനത്തിനോടെന്തു നീതി..?!
അന്ധത മൂടിയടഞ്ഞ നേത്രത്തി-
ലേക്കർച്ചന കാട്ടിയിട്ടെന്തു കാര്യം..?!

എങ്കിലും ദർബാറിലെത്തി ഒരുനാളാ
സങ്കട ഭാണ്ഡമഴിച്ചുവച്ചു
പുച്ഛമൊളിപ്പിച്ച വാക്കുകൾ കൊണ്ടു നീ
നിശ്ചയദാർഢ്യമളക്കാൻ ശ്രമിച്ചു..!

നവ്യമാദ്ധ്യമത്തിലൂടെ
സംഘടിച്ചു ശക്തരായ
പ്രജകളവനെയേറ്റെടുത്തു,
കണ്ടു വിറളി പൂണ്ടു നീ
രഥമിറങ്ങിയരികിലെത്തി
കുശലജല്പനങ്ങളായ്
ജനമിളകി നീതി തേടി
നിന്റെ നേരെ വിരലു ചൂണ്ടി
പൊതുജനത്തെ മൗനമാക്കാൻ
ധാർഷ്ട്യമോടെ നീ ശ്രമിച്ചു
അവർ കനിഞ്ഞു തന്നതൊക്കെ
അവരുടേതെന്നോർത്തിടാതെ

തിണ്ണമിടുക്കു കാട്ടുവാനായി നീ
ഊട്ടി വളർത്തുന്ന വാലാട്ടും ജന്മങ്ങൾ
വാരിയെല്ലൂരിയെടുത്തു 'പൊതുജന'
പ്രാണനിൽ പാതി പറിച്ചു വച്ചു

ഇല്ലാ മറക്കാൻ കഴിയില്ല നിൻ പൊള്ളസാന്ത്വനം
പൂശിയ വാക്കും പ്രവർത്തിയും
ഇല്ലാ പൊറുക്കാൻ കഴിയില്ല ആ ധാർഷ്ട്യം
നെഞ്ചിലെ നീറും നെരിപ്പോടു സത്യം

ജനാധിപത്യമുള്ള നാട്ടിൽ
ജനം തിരഞ്ഞെടുത്തവൻ 'നൃപൻ'
മദിച്ചു രാജവാഴ്ച ചെയ്താൽ
മടുത്തെടുത്തെറിഞ്ഞിടും ജനം

# അന്ധ സഞ്ചാരികൾ

ചെക്കന്റെ അച്ഛൻ അമ്പലവാസി
അമ്മച്ചി പള്ളിയിൽ തന്നെ
പെണ്ണിന്റെ ഉമ്മച്ചി പൊന്നാനിത്താത്ത
ഫാദറോ ഡിങ്കന്റെ ദാസൻ
രണ്ടിലുമുണ്ടായ സന്തതി സ്വന്തം
അന്ധത തേടിയലഞ്ഞു

നാലു മതത്തിനും നാനാ നിയമങ്ങൾ
നാടിനെ നാലായി കീറുന്ന രീതികൾ
നോക്കിലും വാക്കിലും വേഷത്തിലും വരെ
ഊറും കൊടുംവിഷം തീണ്ടി കഴിഞ്ഞവർ
നന്മമരങ്ങൾ മുറിച്ചു മാറ്റി മത
സ്തംഭങ്ങൾ തീർക്കുവാൻ
വാളുമായെത്തുന്നു

ഒന്നിനെ ചൂണ്ടീട്ടു മറ്റൊന്നു ചൊല്ലി
'വിഡ്ഢിപ്പണ്ടാരക്കൂട്ടങ്ങൾ തന്നെ'
'എന്റെ മതത്തിന്റെ വിശ്വാസ സംഹിത
മാത്രമേ ദൈവത്തിൻ സൃഷ്ടി'
അന്ധമാം വിശ്വാസബന്ധനക്കൂട്ടിൽ കിടന്നാ
കൂപമണ്ഡൂകം മുരണ്ടു

കണ്ടു പകച്ചവൻ തൻമതം തീർക്കും
കാലത്തിനൊത്തൊരു 'നേർവഴികാട്ടി'യായ്
പിന്നോട്ടുരുളാത്തൊരാ മതവണ്ടിയിൽ
ഭാവിയിലേക്കു കുതിച്ചു പായാൻ
സ്വർഗ്ഗമാണീ ലോകമെന്നോതി തരുമവൻ
മതചിഹ്നം ധരിക്കാത്ത പുനർദൈവരൂപനായി

# ശാന്തിതീരം

പേരറിയാത്തവർ..! നാടറിയാത്തവർ..!
രക്തബന്ധത്തിൻ ഉറവകൾ വറ്റിയോർ..!
തെരുവിന്റെ അജ്ഞാത തീരങ്ങളിൽ
അന്യരിൽ അന്യരായ് അഗതിയായ് മാറിയോർ..!
കുപ്പയിൽ നിന്നിറ്റു വറ്റു തടയാതെ
അന്നത്തിനായ് ഭിക്ഷ യാചിച്ചലഞ്ഞവർ..!

ആട്ടി അകറ്റലിൻ ഉപ്പു നുണഞ്ഞവർ..!
കല്ലേറ്റ നായ്ക്കൾ പോൽ നീറിപ്പുകഞ്ഞവർ..!
ഓർമ്മകൾ മാഞ്ഞവർ..! ഓടിത്തളർന്നവർ..!
ഓമൽക്കിടാങ്ങൾ വേണ്ടെന്നു വച്ചവർ..!
താരാട്ടു പാടിയ ചുണ്ടുകളാൽ
പൂരപ്പാട്ടുകൾ പാടി അലഞ്ഞു നടക്കുന്നവർ..!

അർബുദക്കണ്ണാൽ നാം കാണാതെ പോകുന്ന
അർത്ഥം നശിച്ചു നിരാംലബരായവർ..!
സ്നേഹം പൊഴിയും മഴയ്ക്കായി മോഹിച്ചു
വേഴാമ്പൽ പോലെ കാത്തിരിക്കുന്നവർ..!
തേങ്ങും മനസ്സിലെ നീറും മുറിവിലായ്
സാന്ത്വനപ്പൂവിൻ തഴുകൽ കൊതിക്കുന്നവർ..!

പൊട്ടും വ്രണങ്ങളെ ഒപ്പും വിരലുകൾ
സ്വപ്നത്തിൽ പോലും കാണാതെ പോയവർ..!
ആതുരസേവനം നേരത്തു കിട്ടാതെ
ആറിത്തണുത്തു ജഡമായി മാറുന്നോർ..!
വേനലും വർഷവും ഏറ്റേറ്റു ജീർണ്ണിച്ച
വേദന പോലും മരവിച്ച ദേഹികൾ..!

ഓണപ്പുടവയും സദ്യയും ഊഞ്ഞാലും
ഓർമ്മയിലിട്ടാട്ടി കാലം കഴിക്കുന്നവർ..!
കണ്ടില്ല നമ്മെ വളർത്തി നാമാക്കിയ
കാണാമറയത്തെ പൊലിയും ദീപങ്ങളെ
നൊന്തു പെറ്റമ്മ തൻ നൊമ്പരം മാറ്റണ്ടേ?
കരിയും പിതാവിലെ തിരിയും തെളിയ്ക്കേണ്ടേ?

ഒടുവിൽ തെളിഞ്ഞൊരാ ആശ തൻ പൊൻതിരി
ഒരുമാത്ര കണ്ടു മോഹിച്ച ദീനരെ
ഓടി അണഞ്ഞെത്തി വാരിപ്പുണരുന്നു
ശാന്തിതീരത്തെ മാലാഖമാരവർ..!
നന്മതൻ കണ്ണീരു നമ്മിൽ പൊടിയുന്നേൽ
കൂടാമവർക്കൊപ്പം വിഷുക്കണി തീർക്കുവാൻ..!

# നിക്ഷേപകന്റെ അന്ത്യം

നാലുകാൽശാലയിൽ ചെങ്കൊടിപാറുമ്പോൾ
നിശ്ചലം തൂങ്ങിക്കിടക്കുന്നു നിക്ഷേപകൻ

അദ്ധ്വാന വർഗ്ഗത്തിനർത്ഥം മറക്കുന്ന
അന്യന്റെ നെഞ്ചിലെ തീച്ചൂടറിയാത്ത
അന്ധരാഷ്ട്രീയ ഗുണ്ടാ പ്രവാചകർ
ആരാന്റെ ചോരയെ ഊറ്റിക്കുടിക്കുമ്പോൾ

ഇത്തിരിച്ചക്രം കരുതാൻ കഴിയാതെ
ജീവിതം  കത്തിച്ചു  തീർത്തു മടങ്ങവേ
തൻ തൊഴിൽ നാട്ടിൽ ചെയ്യാൻ പ്രവാസിക്ക്
തീട്ടൂരമുണ്ടത്രേ കുട്ടി സഖാക്കൾ തൻ

മോഹന വാഗ്ദാനം നൽകിയ സർക്കാരിൻ
മോതിരം മോഹിച്ചു വന്നവനല്ല നീ
സ്വന്തം വിയർപ്പിലും കർമ്മത്തിലും തീർത്ത
സ്വപ്നത്തിലന്നം കാണും വയോധികൻ

നീയല്ലാവയലിന്റെയന്ത്യം കുറിച്ചത്
നീയല്ലാഹിംസക്കു സാക്ഷിയായ് നിന്നതും
രണ്ടു പതിറ്റാണ്ടു മൗനിയായ് മാറിയോർ
കുട്ടിക്കുരങ്ങനാൽ നെഞ്ചിൽ കൊടികുത്തി

ശേഷിച്ച മൂന്നു കുരുക്കുകൾ ആർക്കായി ?
ശോഷിച്ചു പോയ കുടുംബ ബന്ധത്തിനോ,
ചൂഷണം ചെയ്തു കീശ വീർപ്പിക്കുന്ന
പാഷാണക്കൂട്ടത്തെ തൂക്കിലേറ്റീടാനോ ?

ഇല്ലില്ലിനിവയ്യ പേറുവാൻ ഇത്തരം
വിപ്ലവത്തോലിട്ട വർഗ്ഗ ശത്രുക്കളെ
ഇല്ലില്ലിനി വയ്യ പോറ്റുവാൻ കാശിനായ്
നാടുമുടിക്കുന്ന ക്രൂരസത്വങ്ങളെ

ജീവനൊടുക്കണം 'ബൂർഷ്വ' കളെല്ലാം
സ്ഥാപനക്കോലായിൽ തന്നെ
എങ്കിലേ വിപ്ലവ ചെങ്കൊടികുത്തിയ
നിക്ഷേപ നാടായി കേരളം മാറിടൂ..!!



# യാത്രാമൊഴി

കാടിന്റെ പുത്രനെ പട്ടിണിക്കിട്ട നാം
കാടിന്റെ ധർമ്മം മറന്നു പോയി
അന്നത്തിനായ് മുന്നിലെത്തിയ ദീനനെ
പന്നവാക്കോതിയകറ്റിയെന്നും

ഉന്മാദ ലോകത്തിൽ ഒന്നും തിരിയാതെ
ഉച്ചക്കിറുക്കനെവനലഞ്ഞു
ഉത്തുംഗശൃംഗത്തിൽ നിന്നു രമിച്ച നാം
മൃഷ്ടാന്നമുണ്ടിട്ടു വറ്റുകൊടുക്കാതെ

തെറ്റെന്നറിയാതവൻ കഞ്ഞിക്കെടുത്തരി
കട്ടെന്നു ചൊല്ലിപ്പിടിച്ചുകെട്ടി
മർദ്ദിച്ചുസെൽഫിയെടുത്തവരെല്ലാം
നിർദ്ദയം നെറ്റിൽ കടത്തിയാ ചിത്രങ്ങൾ

ആയിരം ടണ്ണരി പാഴായി പോയാലും
ആരുമൊരുപിടി വാരാതെ നോക്കുന്ന
സാമൂഹ്യ സേവകർ വാഴുന്ന നാട്ടിൽ
മർദ്ദക കോടതി ശിക്ഷ വിധിച്ചിടും

കാടുവെളുപ്പിച്ച നഗ്നത തീണ്ടാത്ത
ഉന്മാദി കേണിറ്റു വെള്ളത്തിനായ്
എന്നിട്ടുമെന്തേ മുഷിഞ്ഞ മനസ്സുകൾ
കത്തും വയറിൽ കെട്ടീ മരണക്കയർ ?

ഉത്തരേന്ത്യക്കൊപ്പം നാടിനെ മാറ്റുവാൻ
ഉത്സാഹച്ചിന്നം വിളിക്കുന്ന നേരത്തു
നമ്മെ മറന്നുള്ള സംസ്കാരമോർത്തു
നാളെ നാം നമ്മെ ശപിക്കാതിരിക്കട്ടെ !

# ലിഗ

ദൈവത്തിൻ നാടിനെ കാണാനിറങ്ങിയ
എൻ ലിഗ നീയാണിന്നെന്റെ ദുഃഖം.
എന്നും വിഷാദം പടർന്ന നിൻ കണ്ണുകൾ
കാണാമറയത്തടഞ്ഞു പോയോ ?

നിന്നെത്തിരഞ്ഞു തിരഞ്ഞു ഞാൻ നെഞ്ചിലെ
കണ്ടൽ കാടുകൾ പോലും പരതവേ
നിന്നെക്കുറിച്ചോർത്തു നീറിപ്പുകഞ്ഞ
നിദ്രാ വിഹീനമാം രാവുകൾ തേങ്ങവേ
കാക്കിയണിഞ്ഞവർ കാക്കാനണഞ്ഞില്ല
നക്ഷത്രമുള്ളവർ നന്മ ചൊരിഞ്ഞില്ല
രക്ഷക വേഷമണിഞ്ഞവരെല്ലാം
ശിക്ഷക താണ്ഡവമാടിക്കളിക്കുമ്പോൾ
ഈശ്വര ബിംബമായ് കണ്ടു നീയെത്തിയ
അമ്മ സ്വരൂപവും രക്ഷകയായില്ല

നിന്റെയാ ചിത്രം പതിച്ചു ഞാനൊത്തിരി
അന്ധരെന്നോർക്കാതവരുടെ ഭിത്തിയിൽ
നിന്നെപ്പിരിഞ്ഞു കേഴും പ്രിയനെയവർ
നിർദ്ദയമാട്ടിയകറ്റി നിഷ്ഠൂരമായ്
ആത്മരോഷം തിളച്ചൊരാ ഖിന്നനെ
ഭ്രാന്തനാക്കി തടവറ തീർത്തവർ
നാടു പോലും കടത്തി ദ്രോഹിച്ചതു
നാടുവാഴി അറിഞ്ഞോ അറിയാതെയോ
നിന്നെത്തിരഞ്ഞു മുട്ടാത്ത വാതിൽ
ഒന്നുമേയില്ലിനി ഒന്നും തുറന്നില്ല

നിൻ ജീവനെ കാത്തു രക്ഷിക്കുവാൻ
ചെന്നു കേഴാഞ്ഞ ദേവാലയങ്ങളില്ല
നിന്നെക്കുറിച്ചൊരു വാർത്തയൊരുക്കുവാൻ
മാധ്യമ വർഗ്ഗത്തിലാരും തുനിഞ്ഞില്ല
ചീഞ്ഞു കഴിഞ്ഞ നിൻ ദേഹം പകർത്തുവാൻ
ഇന്നവർ കൂട്ടമായ് ചുറ്റും പറക്കുന്നു
നിന്നിൽ പടർന്ന വിഷച്ചാറു നൽകിയ
കൈകൾ തൻ താളം മുഴങ്ങുന്ന വേളയിൽ
നിന്റെ വിഷാദ സ്വപ്നത്തിലെങ്ങാനും
ദൈവത്തിൻ നാടിത്രപച്ചയായ് കണ്ടുവോ ?

# ആസിഫയുടെ സ്വർഗ്ഗം



എട്ടാം വയസ്സിലേ സ്വർഗ്ഗത്തിലെത്തിച്ച
**ഏട്ടരോടൊത്തിരി നന്ദി**
എട്ടു നാളെന്നോടൊപ്പമുറങ്ങിയ
ഈശ്വര രൂപമേ നന്ദി
എട്ടു ദിക്കും സാക്ഷിയായ കർമ്മത്തിനു
രക്ഷ തീർക്കുന്നോർക്കു നന്ദി
എട്ടു വാരം നീണ്ട മൗനത്തിൽ നിന്നും
ഗർജ്ജിച്ചുണർന്നോർക്കും നന്ദി

ഇവിടെയീ സ്വർഗ്ഗത്തിൽ ഞാനേകയല്ല
ഇവിടെന്റെ സ്വപ്നങ്ങളാരും കരിക്കില്ല
റാഞ്ചിപ്പറക്കാൻ കഴുകരെത്തില്ല
കൊത്തിപ്പറിക്കാനുടലൊന്നുമില്ല
അടിമയസീദികൾ അലയും റോഹിങ്ക്യകൾ
ബോക്കോഹറാമിലെ കൗമാരബന്ദികൾ
നാടുവിട്ടോടിയ പണ്ഡിറ്റുകൾ
കാമ പിശാചുക്കൾ ഊറ്റിക്കുടിച്ചവർ
മോക്ഷം ലഭിച്ചോരാ ആത്മാക്കളെൻ ചുറ്റും
ആനന്ദനൃത്തമാടിരസിക്കുന്നു

ഹൂറികളെത്തേടി സ്വർഗ്ഗത്തിലെത്തുന്നവർ
ഭൂമിയിൽ സ്വർഗ്ഗം പണിതവരാവണം
കുമ്പസാരക്കൂട്ടിൽ പാപങ്ങളില്ലാതെ
നെഞ്ചുവിരിച്ചു നിന്നവരാകണം
മുജ്ജന്മ ദോഷത്തിൽ മുങ്ങിക്കുളിക്കാതെ
മോക്ഷം ലഭിച്ചുകഴിഞ്ഞവരാവണം

ഇല്ലാ മതഭ്രാന്തിൻ ചങ്ങലക്കെട്ടുകൾ
ഇല്ലാ മരവിച്ച കൽ വിഗ്രഹങ്ങളും
അന്ധവിശ്വാസത്തിൽ നീന്തിത്തുടിയ്ക്കുന്ന
ഭക്തഹംസങ്ങളുമില്ലയീ സ്വർഗ്ഗത്തിൽ
ഇല്ല ഞാൻ നാടോടിയായലഞ്ഞീടില്ല
ഇല്ല മതസ്പർദ്ധയേറ്റു നീറില്ലിനി

ഇഷ്ട ദൈവത്തിലെ വിശ്വാസ ഭ്രാന്തിനാൽ
ക്രൂരഹിംസകൾ ചെയ്തു കൂട്ടുന്നവർ
കർമ്മദോഷം കൊണ്ട് സ്വർഗ്ഗമൊരുക്കുമ്പോൾ
തത്വമസിക്കർത്ഥം നഷ്ടപ്പെടുന്നിതാ...
സോദര സ്നേഹം മറന്ന നാട്ടിൽ നിന്നു
മോചനം നൽകിയോർക്കായിരം നന്ദി
പീഢനമേൽപിച്ചെൻ ദേഹത്തിൽ നിന്നും
**പ്രാണനകറ്റിയോർക്കായിരം നന്ദി**

# പ്രണയ ബലി

പ്രണയം പറഞ്ഞെന്റെയരികത്തണഞ്ഞവൻ
പ്രാണൻ വെടിഞ്ഞിന്നകന്നു പോകുന്നേരം
പ്രതിഭാഗമായിക്കഴിഞ്ഞൊരെൻ ബന്ധങ്ങൾ
പ്രതികാര നൃത്തം ചവിട്ടുന്നു ചുറ്റിലും

നൊന്തു പെറ്റമ്മതൻ കണ്ണീരു കണ്ടില്ല
നോക്കിത്തളർന്നോരച്ഛനേം ഓർത്തില്ല
കൂടെപ്പിറപ്പിന്റെ നെഞ്ചിലെ കൂട്ടിൽ
നിന്നെന്നോ പറന്നുപോയ് നിന്നെ പ്രണയിക്കാൻ

അന്ധയായ് പോയ ഞാൻ ബന്ധങ്ങൾ കണ്ടില്ല
ബധിരമാം കാതുകൾ ശാസന കേട്ടില്ല
നിൻ സ്നേഹഗംഗയിൽ മുങ്ങിയകലുവാൻ
മൗനവല്മീകത്തിൽ ഹോമം നടത്തി ഞാൻ

ബന്ധങ്ങൾ ബന്ധനമായങ്ങു മാറവേ
ബന്ധുക്കൾ ശത്രുക്കളെപ്പോലിങ്ങെത്തവേ
പ്രണയത്തിൻ ഉഷ്ണക്കാറ്റാദ്യമായേറ്റെന്റെ
ഹൃദയത്തിൻ പൂക്കാലം എങ്ങോ മറഞ്ഞു പോയ്

രക്ത ബന്ധത്തിന്നതുല്യത കാണാതെ
ജാതിസംസ്കാരത്തിൻ അന്തരം നോക്കാതെ
സമ്പന്നതയുടെ ബാന്ധവം പൊട്ടിച്ചു
ഇന്നലെക്കണ്ട നിൻ സ്നേഹം കൊതിച്ചു ഞാൻ

നിർമ്മല സ്നേഹത്തിൻ ചന്ദനച്ചോലയിൽ
നിന്റെ സാമീപ്യമെന്നെ മയക്കവേ
നിന്നനുരാഗ നിലാവിലുണർന്ന ഞാൻ
നിർഭയം ദൂരത്തെറിഞ്ഞെന്റെ ബന്ധങ്ങൾ

ഓർത്തില്ല ഞാനതിൻ കഷ്ടനഷ്ടങ്ങളെ
ഓർക്കാൻ കൊതിച്ചില്ല രൗദ്രഭാവങ്ങളെ
ഓർമ്മതൻ തീരത്തു വന്നാഞ്ഞടിച്ചിട്ട്
ഓടിയകലുന്ന ഓമന സ്വപ്നങ്ങളെ

എങ്കിലും ഞാൻ നിനച്ചില്ലെൻ ജീവനെ
എന്നിൽ നിന്നെന്നേക്കുമായകറ്റീടുവാൻ
കണ്ണിന്റെ കണ്ണായ് കരുതി വച്ചോന്റെ
കണ്ണും ചൂഴ്ന്നെടുത്തോണ്ടങ്ങു പോമെന്ന്

നിന്റെ ജീവനായ് മുട്ടിയ വാതിലിൻ
മുന്നിലായ് കേണു ഞാൻ ആരും കനിഞ്ഞില്ല
നിന്റെ ശ്വാസത്തുടിപ്പങ്ങകറ്റാനവർ
എണ്ണം പറഞ്ഞു വാങ്ങിയോ തുട്ടുകൾ

ഗുണ്ടകൾ പാർട്ടിയിൽ നേതാക്കളാകുമ്പോൾ
ഗുണ്ടയ്ക്കു പോലീസു കാവലൊരുക്കണം
ഗുണ്ടാ നിയമങ്ങൾ കാറ്റിൽ പറക്കണം
ഗുണ്ടകൾ ദുരഭിമാനക്കൊലയ്ക്കു താങ്ങാവണം

ജാതിയെന്തെന്നറിയാത്ത ഞാനിന്നു
ജാതിക്കോമരം കണ്ടു വിറയ്ക്കുന്നു
ജാതി നോക്കാതെ സ്നേഹം പകുത്തവർ
ജാതി പേരോടു ചേർക്കുന്ന,നാടിത്

ജാതിക്കൊലക്കിരയായ ജഡത്തിന്റെ
ജാതിയെന്തെന്ന് ടെസ്റ്റിൽ തെളിയില്ല
കോടികൾ ബാങ്കിലിട്ടോമനിക്കുന്നോന്റെ
ജാതിയിന്നാരുമേ നോക്കാറുമില്ല

വെള്ളി നാണയം കയ്യിലില്ലാത്തൊരു
സ്നേഹരൂപനെ കണ്ടു കൊതിക്കാതെ
കീശ വീർത്ത ജഢങ്ങളെ നാളെ
വീട്ടുകാർക്കായ് വരിക്കാതിരിക്കട്ടെ

# പ്രണയസാഫല്യം

നിഴലായ് ഞാൻ നിന്നരികത്തണഞ്ഞു
ഒരു പാട് കാലം കഴിഞ്ഞുപോയെങ്കിലും
നിധി പോലെയെന്നിലെ എന്നെയായ് നിന്നെ
ഓമനിച്ചൊരു മയിൽപീലിയാക്കി
അറിയുന്നുവോ എന്റെയാത്മഹർഷങ്ങളെ..?!
പറയാതെ പോയ പ്രണയസങ്കല്പത്തെ..?
പുണരാതെ പോകുമീ വിധുരഗന്ധർവ്വനെ..?
പതിവായി നൽകുന്ന ഹൃദയചുംബനങ്ങളെ..?
തന്മാത്ര ചോരാത്ത എന്റെ പ്രേമത്തിനെ..!
തന്നിഷ്ടനൂലിൽ കൊരുത്ത മോഹങ്ങളെ..!
പുഴ പോലൊഴുകും പരിഭവനീരിനെ..!
പതിരുകളില്ലാത്ത ആത്മദുഃഖങ്ങളെ..!

ഒടുവിൽ നീയെത്തിയാ കൈവിരൽ തുമ്പിലെ
ചുംബനപ്പൂ തഴുകാനെടുക്കവേ
അറിയുന്നു ഞാൻ സഖീ നിൻ
സ്പർശനത്തിലൂടലിയുന്നു
ഞാനതിൽ ശീതളച്ഛായയിൽ..!
തിരിയിട്ടു നീ കാത്ത മോഹസൗധങ്ങളെ..!
തിര ശാന്തമാകാത്ത സ്നേഹത്തിനെ..!
അറിയുന്നു ഞാൻ സഖീ നിൻ മൗനഗദ്ഗദം..!
അണയുന്നു ഞാനതിൽ സാന്ത്വനഗീതമായ്..!
ഇനിയൊരുജന്മമീയാത്രയിലുണ്ടെങ്കി
ലിണപിരിയാതെനിന്നൊപ്പമെന്നോമലേ ...
ഇണപിരിയാതെനിന്നൊപ്പമെന്നോമലേ ...

# വിഷുപുലരി

വിഷു പക്ഷി നീ പോയെങ്ങൊളിച്ചിരിപ്പൂ ?
കൊന്നപ്പൂ കൊണ്ടുവായോ കണിയൊരുക്കാൻ
പുലരിക്കു മുൻപേയുണരണ്ടേ ?
കണികണ്ടു കൈനീട്ടം വാങ്ങേണ്ടേ ?

ഉരുളിയിലരിയും നെൽക്കൂട്ടും
വെള്ളരി തേങ്ങ കൊന്നപ്പൂവും
അലക്കിയ മുണ്ടും വാൽക്കണ്ണാടിയും
അടയ്ക്ക വെറ്റില നിലവിളക്കും
കണ്ണന്റെ രൂപവും സിന്ദൂരവും
പൊന്നും ചാന്തും കണ്മഷിയും
ചന്ദനത്തിരിമണമുയരും കണിയിൽ
ഫലവും കസവും കുറിക്കൂട്ടും

വസന്ത സുന്ദരി വരവറിയിച്ചു
കസവു തട്ടമിട്ടൂ പാടം
മേടക്കാറ്റിൻ മണമറിയാൻ
കാടും മേടുമൊരുങ്ങുന്നു
വിളവെടുപ്പു ഉത്സവമാക്കി
എങ്ങും കളിചിരി ഉയരുമ്പോൾ
പുതുവർഷത്തെപ്പുണരും നാളിൽ
നാടുണരുന്നു കണി കാണാൻ





# വിഘടന വാദികൾ

കേരഗന്ധമൂറിടുന്ന ചോര തേടിയെത്തിയോർ
കേരളം പകുത്തെടുക്കാൻ
മഴുവുയർത്തി ഇന്നിതാ
കൈരളീ നിന്നന്ത്യമായിയെന്നറിഞ്ഞുണർന്നിടൂ
കൈകൾ കോർത്തു ശക്തരായി
വൻമതില് തീർത്തിടൂ

പോറ്റു നാടിൻ ഉപ്പു നുണഞ്ഞവർ
പേറ്റു നാടിൻ നോവറിയാത്തവർ
നിന്റെ നീർച്ചാലുകൾ കോരിക്കുടിച്ചവർ
നിൻ മണ്ണിലന്നം വിളയിച്ചെടുത്തവർ
നിന്റെ സംസ്കാരത്തിലൂറ്റം കൊണ്ടവർ
നിൻ ശാന്തി മന്ത്രത്തിൽ ശാന്തരായ് നിന്നവർ
തീവ്രവാദിയെ നേരിൽ കാണാത്തവർ
തീ തുപ്പും തോക്കിന്റെ ചൂടറിയാത്തവർ
തോരാമഴയത്തു കൈക്കുടയായവർ
തോരണം കെട്ടി ആഘോഷമാടിയോർ
നിൻ ഉത്സവങ്ങളിൽ ഒന്നിച്ചിറങ്ങിയോർ
നിൻ മതമൈത്രിയിൽ മൗനം നടിച്ചവർ
എണ്ണപ്പണത്തിനായൊന്നിച്ചു പോയവർ
യന്ത്രം വിളയാത്ത നാടാക്കി മാറ്റിയോർ
നിൻ ഭാഷ ചുണ്ടത്തു തത്തിക്കളിച്ചവർ
നിൻ അക്ഷരങ്ങളെ സാഹിത്യമാക്കിയോർ
എങ്ങു പോയിന്നവർ നിൻ രക്ഷയേകാതെ
എങ്ങു മറഞ്ഞവർ രോദനം കേൾക്കാതെ

നിന്നെ മുറിയ്ക്കാൻ, നിൻ രക്തമൂറ്റാൻ,
നിൻ മാനമാറാപ്പു കീറിപ്പറിച്ചു
നഗ്നമാം മേനിയിൽ മതപ്പാടു തീണ്ടാൻ
രാഷ്ട്രീയ ദാഹികൾ നീട്ടുന്ന കത്തിയിൽ
രാജ്യദ്രോഹത്തിൻ തീക്ഷ്ണത മിന്നുന്നു
തീവ്രവാദത്തിൻ അണുക്കൾ പരത്തുവാൻ
തിരിവച്ചു പ്രാദേശികവാദം പുകയ്ക്കുന്നു
ഒന്നിച്ചു നിന്നവർ രണ്ടായി മാറിടാൻ
ഹർത്താലു ദാഹികൾ വീണ്ടുമിറങ്ങിടും
നാടിന്റെ സമ്പത്തു തല്ലിപ്പൊളിക്കവേ
വാണിജ്യചേരികൾ കത്തിയമർന്നിടും
മതവൈര്യമെരിയുന്ന നാളുകളെത്തിടും
മടപൊട്ടി ആ സ്പർദ്ധ പ്രളയം പരത്തിടും
എണ്ണിയാൽ തീരാത്ത ജീവനും മാനവും
എണ്ണത്തിനെണ്ണം പറഞ്ഞു കവർന്നിടും
ഇന്നു സംസ്ഥാനത്തിനായി മോഹിച്ചവർ
നാളെ മറ്റൊരു രാജ്യത്തിനായെത്തും
കാശ്മീരു കത്തിയെരിയുന്ന പോലെയീ
കേരളം മാറ്റി ചുടലപ്പറമ്പാക്കും

കൈകളിൽ ഖഡ്ഗവും കൺകളിൽ അഗ്നിയും
നെഞ്ചിൽ വെറുപ്പുമായ് ഘാതകരിങ്ങെത്തി
ഒന്നിച്ചെതിർത്തു നിൻ നെഞ്ചിൽ വരച്ചിടൂ
ഐക്യകേരളത്തിൻ അർത്ഥമുള്ള ഭൂപടം

# അശ്വജ്വാല

ജ്വാല നീ വെറും ജ്വാലയല്ല
ജലധാരയേറ്റണയും പാഴ് ജ്വാലയല്ല
കർമ്മമുഖത്തു നിന്നശ്വമായെത്തുന്ന
കല്ലിൽ കുരുത്ത കഠോരജ്വാല

തെരുവിന്റെ നൊമ്പരം നെഞ്ചിൽ തുടിക്കുന്ന
വയറിന്റെ കാളൽ ഹൃദയത്തിലേറ്റുന്ന
നീറും മനസ്സിനു സാന്ത്വനമേകുന്ന
നീയാണീ നാടിന്റെയശ്വജ്വാല

അലയുന്ന നഗ്നനായ് ഉടുതുണി തേടുമ്പോൾ
നാടിന്റെനാണം മറയ്ക്കാനിറങ്ങുമ്പോൾ
അന്യനായ് അന്നം കൊടുക്കാനിരന്നപ്പോൾ
അഗതിയ്ക്കു കൂരയൊരുക്കി നടന്നപ്പോൾ
നിന്നെ പുകഴ്ത്താൻ മടിക്കാതിരുന്നവർ
ഇന്നെന്തിനീജ്വാലയണയ്ക്കാനിറങ്ങുന്നു ?

കാണാതെ പോയൊരു ജീവനെത്തേടി നീ
കാതങ്ങൾ താണ്ടിയലഞ്ഞു നടന്നതോ
തേങ്ങും പ്രിയരുടെ കണ്ണീരു കണ്ടു
കൂടപ്പിറപ്പുപോൽ കൂടെത്തിരഞ്ഞതോ
ദാനമായ് കിട്ടിയ നാണയത്തുട്ടുകൾ
ദൂരം കടക്കാൻ ദാനം കൊടുത്തതോ
ഊണും ഉറക്കവും ഒന്നുമറിയാതെ
ഊരിലെത്തി ചായാൻ  മറന്നതോ
എന്താണു നീ ചെയ്ത തെറ്റ് ?
ജ്വാല എന്താണവർ നെയ്ത കുറ്റപത്രം ?

കാട്ടിത്തരേണ്ടവർ  കൂട്ടായ് വരാഞ്ഞപ്പോൾ
കേൾക്കേണ്ട കാതുകൾ കൊട്ടിയടഞ്ഞപ്പോൾ
നല്ലവാക്കോതേണ്ടവർ മൗനരായപ്പോൾ
കാണാൻ കൊതിച്ചവർ കാണാതെ പോയപ്പോൾ
പൊട്ടിത്തെറിച്ചതോ തെറ്റ് ?
എന്താണു നീ ചെയ്ത കുറ്റം
ജ്വാല, എന്താണവർ തന്ന ശിക്ഷ ?

ഇന്നലെ നിന്നോടു സ്നേഹം നടിച്ചവർ
ഇന്നു നിൻ രക്തം കുടിക്കാനണയുന്നു
ഇന്നലെ നിന്നെ വാഴ്ത്തി പറഞ്ഞവർ
ആഭാസ പൂരം നടത്തുന്നു ചുറ്റിലും
സേവനം ചെയ്യാനിറങ്ങിയ നിന്നെ
സേവനക്കുറ്റം ചുമത്തിക്കഴിഞ്ഞിതാ
രക്ഷകർ നൽകുന്ന ശിക്ഷകൾ എല്ലാം
രക്ഷയായ് കാണൂ നീ ജ്വാല

ജ്വാല നീ പോകൂ ജയിലിലേക്ക്
ജ്വാലയായ് കത്തിപ്പടരട്ടതിനുള്ളിൽ
നിന്നെയടയ്ക്കാനൊരുക്കും അറയ്ക്കുള്ളിൽ
കത്തിയമരട്ടെ നിൻ രക്തദാഹികൾ

# ഹനാൻ



കുഞ്ഞനുജത്തി നിൻ രോദനം കേട്ടിന്നു
കല്ലിച്ച നെഞ്ചുകൾ നീറിപ്പുകയട്ടെ
കണ്ണുനീരിറ്റിറ്റു വീഴുന്ന മണ്ണിലെ
കല്ലുകൾ നിന്നെ തിരഞ്ഞിനിയെത്തില്ല

പൊരുതി മുന്നേറുന്ന ജീവനു നേരേ
കരുണയൂറാത്ത ക്രൂരമാം ജന്മങ്ങൾ
എറിയുന്ന കല്ലേറ്റു വീഴില്ല നീ ഹനാൻ
എരിതീയിൽ കുരുത്തവൾ  വെയിലേറ്റു വാടുമോ

തെറ്റു ചെയ്യുന്നതു കുറ്റമാണെങ്കിൽ
തെറ്റു തിരുത്താഞ്ഞാൽ പാപമല്ലേ?
പാവമാം പെണ്ണിനെ കണ്ണീരണിയിച്ചോർ
പാപികളായ് ജന്മം തീർക്കാതിരിക്കട്ടെ

അനുകമ്പയൊന്നുമേ ചോദിച്ചതില്ല നീ
അനുഭാവവാർത്തയൊരുക്കാൻ പറഞ്ഞില്ല
അനുഭവത്തട്ടിൽ നിന്നങ്കം കുറിച്ചൊരാ
അഭിമാനിയായൊരു ആരോമലാണു നീ

അതിജീവനത്തിന്റെ ആൾരൂപമാണു നീ
അതിശൈത്യകാലം കഴിയ്ക്കും തപസ്വിനീ
അനുമോദനത്തിന്റെ പൂച്ചെണ്ടുകൾ കണ്ടു
അണപൊട്ടിയൊഴുകാത്ത പുഴയാണു നീ

കൗമാരവേദിയിൽ ആടിക്കളിക്കുന്ന
കൂട്ടുകാർക്കൊപ്പം കൂടേണ്ട വേളകൾ
കാതിലുറയ്ക്കാത്ത മർദ്ദവും പേറി നീ
കൂലിയ്ക്കു വണ്ടി വലിച്ചു കിതച്ചുവോ?

ആരുടെ മുന്നിലും കൈനീട്ടി നിന്നില്ല
അന്നത്തിനായ് തന്റെ മാനം കൊടുത്തില്ല
അർത്ഥത്തിനായ് മുത്തുമാലകൾ കോർത്തിട്ടു
അങ്ങാടിയിൽ വിറ്റഴിയ്ക്കാൻ പഠിച്ചു നീ

എത്രയോ വേഷങ്ങളാടിക്കഴിഞ്ഞിട്ടും
യന്ത്രമായ് നിർത്താതെ ഓടിത്തളർന്നിട്ടും
എല്ലരിക്കുന്ന വേദന പേറി നീ
ഏഴരവെളുപ്പിനുണർന്നുവോ നിത്യവും?

ഒരു താരമായ് നീ മാറാൻ കൊതിക്കാതെ
ഒരു കോടി നിക്ഷേപം മോഹിച്ചുറങ്ങാതെ
ഒരു മുറിക്കൂരയിൽ സ്വപ്നം പതിപ്പിച്ച
ഒരു ചെറുമോതിരം മാത്രം കൊതിച്ചുവോ?

പാളത്തിലോടാത്ത മാതാവിനെ നോക്കി
പ്രാണനെ പോലുള്ളനുജനു വേണ്ടി
പൂമുഖം കാണാ പിതാവിനെയോർത്തു നീ
പാതിരാ പക്ഷിയായ് വിങ്ങിക്കരഞ്ഞുവോ

പരിഭവിയ്ക്കാതാ കുടുംബം പുലർത്തീട്ടു
പ്രതിഭ ചോരാതെ പുഞ്ചിരി ചാലിച്ചു
പാട്ടെഴുതിയീണത്തിൽ പാടുന്ന നിന്മുഖം
പനിമതിപ്പൊട്ടായണിയണം കൈരളി

മത്സ്യഗന്ധമുള്ള കൈകളെ കർമ്മകാന്തിയിൽ കഴുകി
മന്ദഹാസമോടെ വിദ്യ തേടി നീട്ടും പെൺകൊടീ
മത്സരപരീക്ഷയിൽ പതറിടുന്ന കുട്ടികൾക്കു
മാതൃകയായി മാറിയ നിന്റെ മുന്നിലർപ്പണം.....!!

# മാധ്യമ വിലാപം

ക്ഷീണമെന്തെന്നറിയാത്ത ദൈവത്തിനായ്
ചോരമോന്തുന്ന തെയ്യമായാടുമ്പോൾ
ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോര തേടും കൊതുകായി മാറുന്നു നാം

പ്രാണനറ്റു കിടക്കുന്ന കാന്തന്റെ മാറിൽ
വീണലറുന്ന പെണ്ണിന്റെ കൺമുൻപിൽ
വാമൊഴിക്കായി ചോദ്യം തൊടുക്കുന്ന
ക്രൂര കർമ്മം നടത്തേണ്ടവർ നമ്മൾ

പെറ്റമാതാവിൻ രോദനം 'ലൈവായി'
ഉച്ചത്തിൽ തന്നെ കൊടുക്കാൻ കഴിയണം
മറ്റു മാധ്യമം കാണാത്ത കോണിൽ
നിന്നൊറ്റജന്തു പോലൂറ്റിക്കുടിക്കണം.

നെഞ്ചു പൊട്ടുന്ന താതന്റെ ജല്പനം
നല്ല പോലങ്ങൊപ്പിയെടുത്തിട്ട്
നഞ്ചു ചേർത്തതു നാട്ടിൽ പരത്തുമ്പോൾ
നഷ്ടമായൊരാ 'റേറ്റിംഗ്' കൂട്ടിടാം

മുഖ്യശത്രുവായ് മുഖ്യനെ കാട്ടുവാൻ
മുന്നിൽ പോയി വെറുപ്പിച്ചു നിർത്തണം
മന്ദഹാസം പടരാത്തൊരാ മുഖം
മറ്റു വാർത്തയ്ക്കു മേലെ കൊടുക്കണം

ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ചോദിച്ചു
ഉജ്ജ്വലമാക്കാൻ ശ്രമിക്കുന്ന ചർച്ചയിൽ
ഉത്തരം മുട്ടിക്കാൻ ആരേലുമെത്തിയാൽ
ഉത്തരീയമഴിച്ചോടണം കണ്ടം വഴി

അഗ്രഭാഗങ്ങൾ വെട്ടിയാൽ കിട്ടുന്ന
അർത്ഥം മാറുന്ന വാക്യങ്ങൾ കോർത്തൊരു
ആടിനെ പട്ടിയാക്കുന്ന പ്രോഗ്രാമിൻ
'ആങ്കറായി' വിലസാനൊരു വഴി

വാർത്ത കാട്ടിയാൽ കിട്ടുന്ന കാശിനാൽ
വാടക തീർക്കാൻ കഴിയാതുഴലുമ്പോൾ
വാർത്ത മുക്കിയാൽ ലക്ഷങ്ങൾ കിട്ടുന്ന
മാർഗ്ഗം തേടി പോകാം മറുവഴി

നാടറിയേണ്ട വാർത്തകൾ നൽകാതെ
സോളാറിലൂറുന്ന സംസ്കാരമേകി
ആരോഗ്യപൂർവ്വമാം കാർഷിക വിപ്ലവം
ആരും ഗണിക്കാതെ മൂലയ്ക്കിരുത്തുന്നു

വിദ്യകൊണ്ടാർജ്ജവം നേടേണ്ട നാടിനായ്
വിദ്യ പകരുന്ന വാർത്തകൾ തീർക്കാതെ
വിദ്യ മെരുങ്ങാത്ത വിദ്വാൻ കളിക്കുന്ന
രാഷ്ട്രീയ വിദ്യകൾ മാത്രം പകർത്തി നാം

ഹർത്താലു നിർത്താൻ കഴിയാത്ത നമ്മൾ
ഹർത്താൽ വിശേഷങ്ങൾ നന്നായ് കൊഴുപ്പിക്കും
കൈക്കൂലി നിർത്താൻ ഒന്നിച്ചിറങ്ങാതെ
പീഡനം തേടിനാമൊന്നിച്ചലഞ്ഞിടും

നാടു തകർക്കുവാൻ നോട്ടുമായെത്തിയോർ
മാധ്യമ രംഗത്താ പണം വീശുമ്പോൾ
സത്യം വളച്ചൊടിച്ചോതുന്ന രീതിയിൽ
നിത്യവും പ്രശ്നങ്ങൾ ഊതിപ്പെരുപ്പിക്കണോ ?

അംഗീകാരം നൽകും  സ്ഥാപനത്തിൻ മതം
ഇഷ്ട രാഷ്ട്രീയമാക്കാൻ പഠിക്കണം
പ്രത്യയശാസ്ത്രം പോലും ഹനിക്കേണ്ടയാ
പ്രക്രിയയ്ക്കൊത്തു സഞ്ചരിച്ചീടണം

അക്ഷരങ്ങൾ മറക്കുന്ന രീതിയിൽ
അച്ചടക്കത്തോടെ വാർത്തകൾ ചൂണ്ടാനായി
അഞ്ചു വർഷം പഠിക്കേണ്ടതില്ലെന്ന്
അന്തരംഗം പറഞ്ഞു തുടങ്ങുന്നു

ചില്ലിക്കാശിന്റെ വർദ്ധനവില്ലാത്ത
ശമ്പളം പോലും കൃത്യമായില്ലെങ്കിൽ
ശിഷ്ട ജീവിതം പാർട്ടിയിൽ കിട്ടുന്ന
'ഗിഫ്റ്റു' വാങ്ങിക്കഴിയേണ്ടിവന്നിടും

മാധ്യമത്തിന്റെ ധർമ്മം മറന്ന നാം
മാനവീയതയ്ക്കൊപ്പം ചലിച്ചില്ലേൽ
മാധ്യമക്കാഴ്ചകൾ വേണ്ടെന്നു വച്ചാ ജനം
മറ്റു കാഴ്ചകൾ തേടാനിറങ്ങിടും



# പ്രളയക്കുറിപ്പുകൾ

മനുഷ്യർ പരസ്പരം ആത്മാർത്ഥമായി സ്നേഹിക്കുന്നതു കാണുമ്പോൾ എന്നും പ്രളയമായിരുന്നെങ്കിലെന്നു തോന്നിപ്പോകുന്നു.

ഒരു പ്രളയത്തിനു മറയ്ക്കാവുന്ന കാഴ്ചപ്പാടേ ഏതൊരു വിശ്വാസിക്കുമുള്ളൂ.

പ്രളയത്തിൽ മുങ്ങിയ മനുഷ്യദൈവങ്ങളും മതപ്രഭാഷകരും ശുദ്ധീകരിക്കപ്പെട്ട മനുഷ്യ മനസ്സുകളിൽ വീണ്ടും വിഷം നിറയ്ക്കാതിരിക്കട്ടെ.

പ്രളയസേവനത്തിൽ രാഷ്ട്രീയം കലർത്തുന്നവനാണ് യഥാർത്ഥ ക്രിമിനൽ.

സഹായഹസ്തം നിരസിക്കുന്നവനെ പ്രളയം വിഴുങ്ങിയാലും കാലം മാപ്പു നൽകില്ല.

പ്രളയ സംഭാവനയടിച്ചു മാറ്റുന്നവനോളം നീചൻ തസ്കര കുലത്തിൽ പോലും കാണില്ല.

ഡാമുകൾ മുന്നറിയിപ്പില്ലാതെ ഒന്നിച്ചു തുറന്നതാണ് വൻ ദുരന്തത്തിലേക്കു നീക്കിയതെന്നു തിരിച്ചറിഞ്ഞു പരിതപിക്കാത്തവനാണ് ശരിക്കുള്ള ദുരന്തം.

പരിശീലനം കിട്ടിയ പട്ടാളത്തെ സമയത്തിനു വിളിച്ചു സഹായം തേടാഞ്ഞത് അജ്ഞത കൊണ്ടോ അധികാര ധാർഷ്ട്യം കൊണ്ടോ ?

ദൈവദൂതരെ പോലെ പാഞ്ഞെത്തി ജീവൻ രക്ഷിച്ച അരയരെ  വന്ദിച്ചില്ലെങ്കിലും  നിന്ദിക്കരുത്.

പുഴയോരം പുഴയ്ക്കുള്ളതാണെന്നും മലയോരം മലയ്ക്കുള്ളതാണെന്നും കാട്ടിത്തരാൻ ഒരു പ്രളയം വേണ്ടി വന്നു.

അഭയാർത്ഥി ക്യാമ്പിൽ ജാതിപറഞ്ഞവനാണ് പ്രളയം അവിടെത്തിച്ച ഏറ്റവും വിഷമുള്ള സർപ്പം.

യുദ്ധപ്പുറപ്പാടിനു വേണ്ടി വാങ്ങി ഉപയോഗിക്കാതെ പോകുന്ന കുറച്ചു വിമാനങ്ങൾ വേണ്ടെന്നു വച്ചാൽ തീരുന്ന സാമ്പത്തിക പ്രശ്നമേ ഈ പ്രളയം ഉണ്ടാക്കിയിട്ടുള്ളൂ.



# പ്രളയം

മഴയിറ്റു വീഴാൻ കൊതിച്ച നമ്മൾ
മഴ വേണ്ട വേണ്ടെന്നു കേണിടുമ്പോൾ
മഴനീരു വീണു തളിർക്കേണ്ട കാഴ്ച്ചകൾ
മിഴിനീർ പൊയ്കയായ് മാറിടുന്നോ ?

പ്രളയം പറയാതെ വന്നെത്തുമതിഥിയോ ?
പ്രതികാരദാഹിയായാടും നീർഭൂതമോ
പ്രകൃതിയെ നോവിച്ചു വാങ്ങിയ ശാപമോ
പ്രവചനത്തട്ടിൽ തെളിയാത്ത രാഹുവോ ?

മരണം മണക്കുന്ന മദജലപ്പാച്ചിലിൽ
മട പൊട്ടിയെത്രയോ നെഞ്ചു പൊട്ടി
മലയിലെ ഉരുളിൽ നിന്നുരുളുന്ന കല്ലാൽ
മറതീർത്ത മൺപുഴ ഡാമിലെത്തി

എല്ലാം തടുത്തവൾ നിർത്തി
എല്ലാം സഹിച്ചവൾ നിന്നു
എല്ലാം പകർന്നവൾ നൽകി
എല്ലിൻ ദ്രവിപ്പിൽ വേദന കാട്ടാതെ

ജലസേചനത്തിനായ് കെട്ടിയ ബന്ധനം
ജലശക്തിയേകുന്ന വൈദ്യുതി മോഹിച്ചു
ജലഭൂതയാത്ര തടയുന്ന വേളയിൽ
ജനജീവിതത്തിന്റെ താളം തകർന്നിടാം

ആരാന്റെ നെഞ്ചത്തു കെട്ടിയ ഡാം നാളെ
പൊട്ടിയാലാർക്കാണു ചേതം ?
ആരാന്റെയമ്മയ്ക്കു ഭ്രാന്തു പിടിച്ചാൽ
കാണുന്നവർക്കല്ലേ ചന്തം ?

ആഗോളതാപനച്ചാർത്തിൽ വിരിയുന്ന
അതിന്യൂനമർദ്ദം പേമാരിയാകുമ്പോൾ
നൂറ്റാണ്ടിലൊരു വട്ടമെത്തും പ്രളയത്തിൽ
നാട്ടിലെ ജീവനും സ്വത്തും മറയുന്നു

കോടികൾ സമ്പാദ്യമുള്ളൊരാ ജന്മിയും
കാടി കുടിക്കുന്ന പട്ടിണിപ്പാവവും
അതിജീവനത്തിന്റെ അർത്ഥം പഠിക്കുവാൻ
അഗതിയെ പോലെ തൻ മച്ചിൽ കഴിയുന്നു

മണലൂറ്റും വഞ്ചികളൊന്നുമേ വന്നില്ല
മടതീർത്ത പാറക്കൊതിയരെ കണ്ടില്ല
മഴു വീശി കുന്നിന്റെ ജീവൻ കെടുത്തിയ
മരം വെട്ടിക്കൂട്ടർ തൻ കൈത്താങ്ങുമെത്തീല

വെള്ളത്തിൽ മുങ്ങിയ അമ്പലക്കെട്ടിലെ
വിഗ്രഹ ശക്തികൾ അന്നം കനിഞ്ഞില്ല
പള്ളിയിൽ ജീവനായെത്തും വിശ്വാസിക്കു
പട്ടാളമെത്തണം കൂദാശയേകുവാൻ

കാഫിറായ് കാണേണ്ട വർഗ്ഗത്തിനൊപ്പം
ക്യാമ്പിലെ കൂരയിൽ ഒന്നിച്ചുറങ്ങവേ
തൊട്ടുകൂടായ്മ തൻ പേവിഷം തീണ്ടിയോർ
തൊട്ടടുത്തെത്തുമ്പോൾ ജാതി മണക്കുന്നു

എങ്കിലും ഒന്നിച്ചു കൈ കോർത്തു ജീവനായ്
എത്രയോ കാതങ്ങൾ ഒന്നിച്ചു നീന്തി നാം
ജീവിത വഞ്ചിയിൽ ഒന്നിച്ചിനി നീങ്ങാൻ
ജാതിത്തടയണ പൊട്ടിച്ചു മാറ്റണം

അന്നത്തിനായ് ആഴി കാണേണ്ട വഞ്ചിയിൽ
അന്യന്റെ ജീവനെ വീശിപ്പിടിച്ചോരാ
കടലിന്റെ മക്കളാം രക്ഷകരല്ലേ
കനിവിന്റെ രൂപമാം ഈശ്വരബിംബങ്ങൾ

രോഗം പരക്കുന്ന നാളുകളുണ്ടിനി
രോദനം കേൾക്കേണ്ട വീടുകളെത്രയോ
ആക്രിക്കൂമ്പാരത്തിലെങ്ങോ മറയുന്ന
ആധാരക്കെട്ടിലെ സ്വപ്ന സൗധങ്ങളും

പ്രളയം കഴിഞ്ഞാലും ഇവിടെ നാമുണ്ടാകും
പ്രളയത്തിനോർമ്മകൾ മായാതെ നിന്നിടും
പ്രതിഫലം നോക്കാതെ ചെയ്യുമീ നന്മകൾ
പ്രതിഫലിക്കുന്നൊരു ദേശം പിറക്കട്ടെ



# ദൈവദൂതർ

കടലിന്റെ മക്കളാം മുത്തുകളിന്നീ
കരയുടെ രക്ഷകരായ് തുഴഞ്ഞെത്തവേ
കരയുവാൻ പോലും കഴിയാത്ത കൺകളിൽ
കനിവിന്റെ ദീപനാളം തെളിയുന്നു

പ്രളയത്തിൻ കുത്തൊഴുക്കൊന്നുമേ നോക്കാതെ
പ്രതിഫലക്കെട്ടുകൾ മോഹിച്ചിരിക്കാതെ
പ്രചരണക്കൊട്ടുകളൊന്നും മുഴക്കാതെ
പ്രാണൻ തിരഞ്ഞു വന്നെത്തിയാ സേവകർ

ആരാലും കാണാതെ മച്ചിൽ കുടുങ്ങിയ
ആയിരമായിരം ജീവനെത്തേടി നീ
ദൈവത്തിൻ ദൂതുമായ് എത്തിയ നേരം
ദീനർക്കു ദാനമായ് കിട്ടി സ്വജീവനെ

പല ദിനം താണ്ടീട്ടും പതിവുകൾ തെറ്റീട്ടും
പരിദേവനങ്ങൾ കേട്ടു മടുത്തിട്ടും
പടവിലടുക്കുന്ന തോണിയിൽ കേറുവാൻ
പടിയാക്കി നീ പുറം പരിഭവമില്ലാതെ

തുറയിലെ കൂരയിൽ തീപുകഞ്ഞീടുവാൻ
തുഴയുമായ് പോകേണ്ട അരയന്മാരാണിന്ന്
തുണയായിയെത്തിയീ മുങ്ങും കോലങ്ങൾക്കു
തുലനങ്ങളില്ലാത്ത സ്നേഹം പകർന്നത്

കീശയിൽ കാശിൻ ബലമൊട്ടുമില്ലാതെ
കോരിച്ചൊരിയും മഴയേറ്റു നീങ്ങവേ
കൂടപ്പിറപ്പിനെ കാണാതെ പോയവർ
കാട്ടുന്ന വിഭ്രാന്തി  നിന്നിൽ പടർന്നുവോ ?

അലറുന്ന കടലിൽ അന്നം തിരയുന്നോർ
അണവിട്ടണയും ജലത്തിൽ ഉലയുമോ ?
അതിരുകളില്ലാത്ത ആഴിതൻ മക്കളേ
അതിരില്ലാ സ്നേഹപ്രവാഹമായെത്തുള്ളൂ

കരിമേഘമിളകുമ്പോൾ തിരതുള്ളിയെത്തുമ്പോൾ
കദനത്തിൻ വഞ്ചിയിൽ ഗതി വിട്ടു പോകുമ്പോൾ
കരയിൽ എരിയുന്ന ജീവനായ് കേഴുന്നോർ
കടലിൽ പൊലിയും നിൻ ജീവനെയോർക്കുമോ ?

ഒന്നും കൊതിക്കാതെ തൻ കർമ്മം ചെയ്യുന്ന
ഒന്നും പറയാതെ എല്ലാം പറയുന്ന
ഒറ്റയ്ക്കു കത്തിയമരുന്നൊരീ സൂര്യൻ
ഒത്തിരിക്കാലം നന്മ ചൊരിയട്ടെ

ഹൃദയം പറിച്ചു കൊടുക്കാൻ മടിക്കാത്ത
വ്രണിത സ്വപ്നങ്ങളൊന്നുമേ ഇല്ലാത്ത
കാരിരുമ്പിൻ ശക്തിയൂറുമീ സൈന്യത്തിനാൽ
കേരളം നേരിടും പ്രളയ പിശാചിനെ

മാനം കറുക്കുമ്പോൾ മഴ മദം പൊട്ടുമ്പോൾ
മാടത്തിൽ വരുതിക്കാറ്റോടിക്കളിക്കുമ്പോൾ
മാനവസ്നേഹ പൊതിച്ചോറുമായെത്തും
മലയാള നന്ദിയ്ക്കായ് കാത്തിരിക്കാമിനി



# ത്യാഗസീമ



സ്ത്രീസമത്വഭേരി കേട്ടുണർന്നു നോക്കിയമ്മയെ
സഹനഭാവ ദു:ഖമൂറും സാന്ത്വനശ്രീലക്ഷ്മിയെ
പേറ്റുനോവെനിക്കു വേണ്ടി നോറ്റിരുന്ന ദേവിയെ
പോറ്റിടാൻ പാലുതിർത്ത പാതി ദൈവരൂപിയെ

ആർദ്രചുംബനങ്ങളാൽ ഉണർത്തിടുന്ന പുഷ്പമേ
താരാട്ടുപാട്ടു പാടി ഊയലാട്ടും തെന്നലേ
പിച്ചവച്ച നാൾ മുതൽ എത്രയോ ക്ഷമിച്ചു നീ
തച്ചുടയ്ക്കുമെൻ കുറുമ്പും കൊച്ചുവാശി രോദനവും

എൻ വിസർജ്ജ്യമൊക്കെയും തൂത്തെടുത്തൊരാ കരം
കവർന്നു ദൂരമെത്ര താണ്ടി വിദ്യയെത്തിരഞ്ഞു ഞാൻ
സ്നേഹമെന്ന ഭാവഗീതം നിന്നിലെന്നറിഞ്ഞു ഞാൻ
എന്റെ ദു:ഖ സന്ധ്യകൾ എന്നുമൊപ്പും സാഗരമേ

കണ്ണിലെണ്ണയിട്ടു കാത്തിരുന്ന പുണ്യമേ
കണ്ണുനീരിനുപ്പു ചേർത്തു കഞ്ഞിമോന്തും മൗനമേ
ചൂടു പൊതിച്ചോറിനുള്ളിലാവിയിൽ പടർന്ന
സ്വാദു നാവിലൂറ്റി നൽകും മാതൃ കൈപ്പുണ്യമേ

മഴനനഞ്ഞൊരുച്ചിയിൽ ചേർത്തു നിർത്തിത്തോർത്തവേ
മധുരശാസനത്തഴുകലേകും വാൽസല്യമേ
പനി പിടിച്ച രാവുകൾ നിദ്രയെ മറന്നു നീ
പുണർന്നു ചൂടു നൽകിയേറ്റടുക്കുമെൻ പനി

തൻ കുരുന്നിൻ ജീവനായണഞ്ഞിടുന്ന കാലനെ
തടഞ്ഞു നിർത്തി തൻ ജീവൻ കൊടുത്തിടുന്ന ത്യാഗമേ
നിനക്കു തുല്യ നീമാത്രമെന്നറിയും നാളിലേ
സ്ത്രീസമത്വവാദമുക്തയായ് നീ പറന്നിടൂ



# മതമതിൽ

മതമിരുണ്ടു പെയ്തുയർന്ന മദജലം തടുക്കുവാൻ
മനസ്സിലെ ചെളി കുഴച്ചു മതിലുകൾ പണിത നാം
മഴുവെറിഞ്ഞുയർന്ന മണ്ണു മലിനഭൂമിയാക്കുവാൻ
മതവിഷം തളിച്ച വിത്തു പാകുവാൻ കൊതിച്ചുവോ ?

ഇരു കരയ്ക്കെക്കൽ നൽകിയൊഴുകി നാം പടുത്തൊരാ
ഇരുളിൽ നിന്നൊഴിഞ്ഞകന്ന മോഹന പ്രതീക്ഷകൾ
ഇലകൊഴിഞ്ഞ വർണ്ണതരു ശാഖിയിൽ കഴിഞ്ഞൊരാ
ഇണയകന്നു പോയൊരു സ്നേഹദാഹിയായിതോ ?

കനലുകൾ കരിഞ്ഞമർന്നു ചാരമായ സൗഹൃദ
കതിരുകൾ കളകളായി മാറിടുന്ന വേളയിൽ
കടവുതേടിയെത്തിടുന്ന സ്നേഹയാനങ്ങളിൽ
കുരുതി പൂജ തേടിടുന്ന ശാപജന്മമായി നാം

ജാതിച്ചെടികളിൽ മൊട്ടിട്ട പൂവുകൾ
ജാതി മണം പേറിയെങ്ങും വിരിയുമ്പോൾ
ജാതിപ്പേർ  തൻപിന്നിൽ കൂട്ടി വിളിക്കുന്നോർ
ജാതിയില്ലാപ്പൂക്കൾ വാക്കിൽ കൊരുക്കണോ ?

വിപ്ലവം ചൊല്ലിത്തരുന്ന വിദ്വാനും തൻ
വിത്തിൽ കുറിയ്ക്കുന്നു ജാതിപ്പെരുമയെ
വിദ്വേഷരശ്മികൾ മാത്രം ചൊരിയുന്ന
വിശ്വാസ സൂര്യനെ തേടി വിരിയുവാൻ

ജാതി മതിലുകൾ തച്ചുതകർക്കാതെ
ജാതിപ്പൂട്ടൊക്കെയും കുത്തിപ്പൊളിക്കാതെ
ജാതിമാറാല പോലും കളയാതെ
ജാതിത്തിമിരത്താൽ അന്ധരായ് മാറിയോ..?

സ്നേഹം കൊതിയ്ക്കുമ്പോൾ പ്രണയം പതിയ്ക്കുമ്പോൾ
അനുരാഗസന്ദേശ കാവ്യം രചിക്കുമ്പോൾ
കൂട്ടിനായെത്തേണ്ടൊരിണയെ തിരയുമ്പോൾ
കൂടെക്കരുതണോ ജാതിയരിപ്പകൾ ?

രക്തദാനത്തിൽ ജാതി നോക്കാത്തവർ
അംഗദാനത്തിൽ ജാതി തേടാത്തവർ
അർത്ഥമില്ലാത്തൊരാ വർഗ്ഗ ചിന്തയ്ക്കായി
രക്തദാഹിയായ് മാറുന്നതെന്തിനോ ?

സായിപ്പിനോടു ജാതി തേടാത്തവർ
സൂപ്പർസ്റ്റാറിൻ മതം എന്തെന്നറിയാത്തോർ
സാമാന്യബോധം മറക്കുന്ന യുക്തിയിൽ
ജാതിക്കോമരം ആടിത്തിമിർക്കണോ ?

അംഗവൈകല്യം വരുത്തുന്ന രീതിയിൽ
അന്ധകാരം പരത്തുന്ന ചിന്തകൾ
ജാതിയെന്തെന്നറിയാത്ത കുഞ്ഞിന്റെ
കണ്ണിൽ  കുത്തി അന്ധനായ് മാറ്റണോ ?

ജാതി വേഷം ധരിക്കേണ്ട നാട്ടിലെ
ജാതി ഭാഷ്യം പറയേണ്ട വേളകൾ
ജാതിമന്ത്രം മുഴങ്ങിപ്പടരുമ്പോൾ
ജാതിശൂന്യരെ കാണാൻ കഴിയുമോ ?

പേരിന്റെയറ്റത്തു ജാതി വാലുള്ളൊരാ
പോഴരെ കൂട്ടത്തിൽ കൂട്ടാതിരിക്കണം
നാടിന്റെ നന്മയിൽ നഞ്ചുകലക്കുമാ
നാശ കീടങ്ങളെ നാടുകടത്തണം

ജാതിവാലൊന്നായി വെട്ടിക്കളയണം
ജാതിസംബന്ധങ്ങളില്ലാതെയാവണം
ജാതി ചോദിക്കുന്ന നാവിൽ കുറിയ്ക്കണം
ജാതിഭ്രാന്താ കടക്കൂ പുറത്തെന്ന്

മനുബോധചിന്തകൾക്കപ്പുറം കാട്ടാത്ത
മതജാതിവൻമതിൽ പൊട്ടിച്ചെറിയുമ്പോൾ
ജാതിത്തെരുവിന്റെ അറ്റത്തു കാണണം
ജാതിച്ചിതകത്തിയമരുന്ന കാഴ്ചകൾ

പേരിനാൽ തൻ മതജാതിയെ കാട്ടാത്ത
നാവിനാൽ തൻദൈവനാമം ദുഷിക്കാത്ത
വേഷത്തിനാൽ ഗോത്രസ്ഥാനം പറയാത്ത
സംസ്കാര സ്വാദ് നുകരാൻ കഴിയുമോ ?

അതിനണിനിരന്നിടാം മതമതിൽ പൊളിച്ചിടാം
അവിടെപ്പണിതിടാം മനബന്ധ മന്ദിരം
മതിലുകളില്ലാത്ത മതഗന്ധമില്ലാത്ത
മാനവ സ്നേഹത്തിൻ സംശുദ്ധ മന്ദിരം



# കർഷക മൃത്യു



മിഴിനീരു കൊണ്ടു നനയ്ക്കുന്ന പാടത്തു
മൊഴി ദീനരോദനമായ് മാറും വറുതിയിൽ
മട പൊട്ടിയെത്തും കടക്കെണി താങ്ങാതെ
മരണം വരിക്കേണ്ട ജന്മമോ കർഷകൻ

ചോര നീരാക്കി നീ കൊയ്തെടുക്കും ഫലം
ചാരത്തടുക്കും വാണിജ്യക്കൂട്ടങ്ങൾ
ചോദിച്ച ന്യായവിലയിട്ടു നൽകാതെ
ചോരന്മാരായി നിന്നെപ്പിഴിയുന്നു

പകലന്തിയോളം പണി ചെയ്തു കാണുന്ന
പനിമതി സ്വപ്നങ്ങളൊന്നായ് കരിയുമ്പോൾ
പതിരായി മാറുന്ന പലവ്യഞ്ജനത്തൊടി
പണസഞ്ചിയൂറ്റിക്കുടിക്കുന്നതും കാണാം

ഇറ്റിറ്റു വീഴും വിയർപ്പിൽ കുരുക്കുന്ന
ഇത്തിരിപ്പാടം തളിരിട്ടു കാണുവാൻ
വിത്തിനായ് ശൂന്യമാം കീശയിൽ തപ്പുന്ന
വിഡ്ഢിയാം കർഷകാ നീയിരക്കുന്നുവോ

അഷ്ടിക്കു വേണ്ടി കഷ്ടപ്പെടുമ്പോഴും
അക്കം പെരുകി കടക്കാറ്റടിച്ചാലും
അന്നം കഴിക്കുന്ന കൈകൾക്കറിയുമോ
അന്നം മുളപ്പിച്ച കൈകൾ തൻ വേദന

ചിട്ടിയിൽ കിട്ടിയ തുട്ടുകളൊന്നായി
വട്ടിപ്പലിശക്കാർ തട്ടിയെടുക്കുമ്പോൾ
വെട്ടിയ മണ്ണിന്റെ പട്ടയം നേദിക്കാം
കെട്ടിയ പെണ്ണിന്റെ താലിയും പൊട്ടിക്കാം

കൈ നീട്ടി നിന്നെ കരകയറ്റേണ്ടവർ
കണ്ണുനീരൊപ്പി വഴി തെളിക്കേണ്ടവർ
കൈവിട്ടു കൈക്കൂലി ചോദിച്ചകലുമ്പോൾ
കൈവിട്ട പട്ടമായ് മാറുന്നു നിൻ മോഹം

തീ പുകയാത്തൊരാ കൂരയിൽ നീന്തുന്ന
തീരത്തണയാത്ത കുഞ്ഞു ഹംസങ്ങളെ
താരങ്ങളെക്കാട്ടി നീ പറഞ്ഞീടുന്നു
താരമായച്ഛനും നാളെ മിന്നാനെത്തും

നാളെ നിൻ മൃത്യുവിൽ നാടു നടുങ്ങുമ്പോൾ
നാളെ നിൻ ചിത്രങ്ങൾ വാർത്തയിൽ മിന്നുമ്പോൾ
നാടിന്റെ കോണിലായ് മറ്റൊരു കർഷകൻ
നാലു മുഴം കയർ തേടിയിറങ്ങുന്നു

കർഷകനില്ലാത്ത നാടു പുലരുമ്പോൾ
കാർഷിക ലോകത്തിനന്ത്യം കുറിയ്ക്കുമ്പോൾ
അന്നത്തിനായങ്കക്കച്ചമുറുക്കുന്ന
ആരോമലാകാതിരിക്കട്ടെ നീ മർത്യാ

# അഭിനന്ദൻ

സോഹൻ റോയ്

*ആധുനിക ഭാരതത്തിന്റെ*
*നവോത്ഥാന സങ്കൽപ്പങ്ങൾക്ക്*
*ധീരതയും നന്മയും കൊണ്ട്*
*വിരുന്നൂട്ടിയവരെ*
*അഭിനന്ദിച്ചുകൊണ്ടും,*
*നവോത്ഥാനവഴികളിൽ*
*പതുങ്ങിയിരിക്കുന്ന*
*നരഭോജികളെ*
*തുറന്നുകാണിച്ചുകൊണ്ടും*
*ശ്രീ സോഹൻറോയ്*
*സാമൂഹിക മാധ്യമങ്ങളിൽ*
*എഴുതിയ ഇരുപത്തിയഞ്ചു*
*കവിതകളുടെ സമാഹാരം.*